

# സമ്പൂർണ്ണകൃതികൾ: ഭാഗം VI

കെ. ദാമോദരൻ



## 20. ജവഹർലാൽ നെഹ്റു

## സമ്പൂർണ്ണകൃതികൾ: ഭാഗം VI

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്



© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.



Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.



The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.



The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


20 ജവഹർലാൽ നെഹ്റു . . . . . . . . . . . . . . . . . . . . 1

1 യുവത്വത്തിന്റെ സാഹചര്യങ്ങൾ . . . 2

2 യൂറോപ്പിലെ അനുഭവപാഠങ്ങൾ . . . 3

3 ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം . . 4

4 സോഷ്യലിസത്തിലേക്ക് . . . . . . . 5

5 ലക്ഷ്യവും മാർഗ്ഗവും . . . . . . . . . . 6

6 കോൺഗ്രസ്സിലെ സംഘട്ടനങ്ങൾ . . 7

7 മതവും രാഷ്ട്രവും . . . . . . . . . . . 8

8 സാമുദായികവാദത്തിന്റെ പശ്ചാത്തലം 9

9 സാമുദായികവാദത്തിന്റെ ശക്തി . . . 10

10 മതവും ശാസ്ത്രവും . . . . . . . . . . . 11

11 അജ്ഞേയവാദത്തിന്റെ സ്വാധീനം . . 12

12 നെഹ്റുവിന്റെ ജീവിതവീക്ഷണം . . . 13

13 ലക്ഷ്യബോധത്തിന്റെ ആവശ്യകത . . 14

14 തത്വവും പ്രയോഗവും . . . . . . . . . 15

# 20

## ജവഹർലാൽ നെഹ്റു

സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും സോഷ്യലിസത്തിനും വേണ്ടിയുള്ള സമരത്തിൽ ഇന്ത്യയിലെ ദശലക്ഷക്കണക്കിലുള്ള ജനങ്ങൾക്ക് ആവേശവും പ്രചോദനവും നൽകിയ ജവഹർലാൽ നെഹ്റുവിന്റെ ബഹുമുഖമായ പ്രതിഭ ചരിത്രത്തിന്റെ ഭാഗമായിക്കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ ആശയങ്ങൾക്കും ആദർശങ്ങൾക്കും രൂപം നൽകിയ ദാർശനികങ്ങളായ അന്തർധാരകളെ അപഗ്രഥിച്ച് മനസ്സിലാക്കണമെങ്കിൽ അദ്ദേഹം ജനിച്ചുവളർന്ന ചുറ്റുപാടുകളിലേക്ക് ഒന്നു കണ്ണോടിച്ചു നോക്കേണ്ടതാവശ്യമാണ്. എന്തെന്നാൽ, അദ്ദേഹത്തിന്റെ ദാർശനികമായ വീക്ഷണഗതി സാമൂഹ്യവും ചരിത്രപരവുമായ സാഹചര്യങ്ങളുടെ പ്രക്ഷുബ്ധാവസ്ഥയിൽ നിന്ന് ഒറ്റപ്പെട്ട സ്വസ്ഥവും അലസവുമായ ഒരു ജീവിതത്തിന്റെ സൃഷ്ടിയായിരുന്നില്ല. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം, സാമൂഹ്യസാഹചര്യങ്ങളെ മാറ്റി മറിക്കാനും വിശപ്പ്, രോഗം, അജ്ഞത മുതലായവയുടെ പിടിയിൽ നിന്ന് ജനങ്ങളെ മോചിപ്പിക്കാനുമുള്ള ഒരായുധമായിരുന്നു തത്വശാസ്ത്രം. ജനങ്ങളുടെ ക്രിയാത്മകമായ ശക്തിയിലുള്ള അഗാധമായ വിശ്വാസമാണ് അതിന് ഓജസ്സും തീക്ഷ്ണതയും നൽകിയത്.

## 1 യുവത്വത്തിന്റെ സാഹചര്യങ്ങൾ

1889-ൽ അലഹബാദിലെ ഒരു കുലീനകുടുംബത്തിലാണ് ജവഹർലാൽ ജനിച്ചത്. അച്ഛൻ, മോത്തിലാൽ നെഹ്റു, ധാരാളം പണം സമ്പാദിച്ചുകൊണ്ടിരുന്ന ഒരു വക്കീലായിരുന്നു. അതുകൊണ്ട് ധനികകുടുംബങ്ങളിലെ കുട്ടികൾക്കു ലഭിക്കാറുണ്ടായിരുന്ന എല്ലാ സുഖസൗകര്യങ്ങളും ലാളനകളും ജവഹർലാലിനെയും അനുഗ്രഹിച്ചു. എങ്കിലും, കുട്ടിക്കാലത്തു തന്നെ രാഷ്ട്രീയകാര്യങ്ങളെപ്പറ്റിയും ഇന്ത്യയുടെ സാംസ്കാരിക പാരമ്പര്യത്തെപ്പറ്റിയുമുള്ള മുതിർന്നവരുടെ സംഭാഷണങ്ങൾ അദ്ദേഹത്തെ ആകർഷിക്കുകയുണ്ടായി. വിവിധ വിഷയങ്ങളിലുള്ള ഗ്രന്ഥങ്ങൾ വായിച്ചു പഠിക്കുന്നതിലും അദ്ദേഹത്തിന് താല്പര്യമുണ്ടായിരുന്നു. പതിനഞ്ചാമത്തെ വയസ്സിൽ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി അദ്ദേഹം ഇംഗ്ലണ്ടിലേക്കയക്കപ്പെട്ടു. ഇന്ത്യയിലെ ദേശീയപ്രസ്ഥാനത്തിന് പുതിയൊരു വേലിയേറ്റമുണ്ടാവാൻ തുടങ്ങിയ കാലമായിരുന്നു അത്. ബംഗാൾ വിഭജനവും അതിനേത്തുടർന്നുണ്ടായ പ്രക്ഷോഭസമരങ്ങളും കോൺഗ്രസിലെ മിതവാദികളും തീവ്രവാദികളും തമ്മിലുണ്ടായ സംഘട്ടനങ്ങളുമെല്ലാം അദ്ദേഹത്തിന്റെ ശ്രദ്ധയെ ആകർഷിച്ചു. മോത്തിലാൽ നെഹ്റുവിന്റെ അനുഭാവം മിതവാദികളോടായിരുന്നു. എന്നാൽ, യുവാവായ ജവഹർലാലിനെ കൂടുതൽ ആകർഷിച്ചത് തിലകൻ, അരവിന്ദഘോഷ് തുടങ്ങിയ തീവ്രവാദികളാണ്. ആത്മകഥയിൽ അദ്ദേഹം ഇങ്ങനെ അനുസ്മരിക്കുന്നു: "തിലകന്റെ പ്രവർത്തനങ്ങളെപ്പറ്റിയും തടവുശിക്ഷയെപ്പറ്റിയും അരവിന്ദഘോഷിനെപ്പറ്റിയും ബംഗാളിലെ സാധാരണജനങ്ങൾ സ്വദേശിയുടെയും ബഹിഷ്കരണത്തിന്റെയും പ്രതിജ്ഞകളെടുത്ത രീതിയെപ്പറ്റിയുമുള്ള വർത്തമാനങ്ങൾ ഇംഗ്ലണ്ടിൽ വസിച്ചിരുന്ന ഇന്ത്യക്കാരായ ഞങ്ങളെ ഇളക്കിമറിച്ചു. ഒരൊറ്റ ആളും ബാക്കിയില്ലാതെ എന്നുതന്നെ പറയാം, ഞങ്ങളെല്ലാവരും തിലകന്റെ അനുയായികളായി, അതായത് തീവ്രവാദികളായി. ഈ പേരിലാണ് പുതിയ കക്ഷി ഇന്ത്യയിൽ അറിയപ്പെട്ടത്". [1]

ഏഴുകൊല്ലം ഇംഗ്ലണ്ടിൽ കഴിച്ചുകൂട്ടിയതിനുശേഷം, 1912-ൽ, ജവഹർലാൽ നെഹ്റു ഇന്ത്യയിലേക്ക് മടങ്ങുകയും അലഹബാദ് ഹൈക്കോർട്ടിൽ ഒരു വക്കീലായി പ്രാക്ടീസ് ആരംഭിക്കുകയും ചെയ്തു. പക്ഷേ, ചരിത്രം അദ്ദേഹത്തെ ഭാരമേൽപ്പിച്ച പ്രവൃത്തി മറ്റൊന്നായിരുന്നു. ഒന്നാം ലോകമഹായുദ്ധത്തിന്റെ തിരപ്പുറപ്പാട്, തിലകന്റെയും ആനിബസന്റിന്റെയും നേതൃത്വത്തിലാരംഭിച്ച ഹോംറൂൾ പ്രസ്ഥാനം, അറസ്റ്റുകളും മർദ്ദനങ്ങളും, ജാലിയൻവാലാബാഗിലെ കൂട്ടക്കൊല, അതിനെത്തുടർന്നുണ്ടായ രാജ്യവ്യാപകമായ പ്രതിഷേധ പ്രകടനങ്ങൾ—ഇവയെല്ലാം നെഹ്റുവിന്റെ മനസ്സിൽ ശക്തിയായ പ്രതികരണങ്ങളുണ്ടാക്കി. ഈ ഘട്ടത്തിലാണ് ഗാന്ധിജി രംഗത്തുവന്നത്. അതോടെ ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിലെ ഒരു പുതിയ ഘട്ടം ഉദ്ഘാടനം ചെയ്യപ്പെട്ടു. ഗാന്ധിയുടെ ആഹ്വാനമനുസരിച്ച് ജവഹർലാൽ സിവിൽ നിയമലംഘനപ്രസ്ഥാനത്തിലേക്ക് കുതിച്ചുചാടുകയും ജീവിതത്തിലാദ്യമായി 1921-ൽ ജയിൽവാസത്തിന്റെ സ്വാദനുഭവിക്കുകയും ചെയ്തു. നിസ്സഹകരണപ്രസ്ഥാനം പിൻവലിക്കപ്പെട്ടതിനുശേഷം അദ്ദേഹത്തിന്റെ ശ്രദ്ധ കർഷകപ്രസ്ഥാനത്തിലേക്ക് തിരിഞ്ഞു. പാവപ്പെട്ട കൃഷിക്കാരുടെ ജീവിതരീതി നേരിട്ടുകണ്ടു മനസ്സിലാക്കാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. അവരുടെ ദാരിദ്ര്യവും അധഃസ്ഥിതിയും നിരക്ഷരതയും അദ്ദേഹത്തിന്റെ മനസ്സിൽ പുതിയ ചലനങ്ങളുണ്ടാക്കി. ഭൂരിപക്ഷക്കാരായ കൃഷിക്കാരുടെ പട്ടിണിയും കഷ്ടപ്പാടും അജ്ഞതയും പരിഹരിക്കാതെ രാജ്യത്തിനു മോചനമില്ലെന്നും അതുകൊണ്ട് മർദ്ദനത്തിനും ചൂഷണത്തിനുമെതിരായ സമരങ്ങൾ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായിത്തീരണമെന്നും അദ്ദേഹത്തിനു ബോധ്യമായി. അങ്ങനെ അദ്ദേഹത്തിന്റെ രാഷ്ട്രീയചക്രവാളം കൂടുതൽ വിശാലമാവാൻ തുടങ്ങി.

---

1. Jawaharlal Nehru: An Autobiography, P. 21.

## 2 യൂറോപ്പിലെ അനുഭവപാഠങ്ങൾ

1926-ൽ അദ്ദേഹം ഒരു യൂറോപ്യൻ പര്യടനം നടത്തി. ഇംഗ്ലണ്ടിൽ കൽക്കരി തൊഴിലാളികളുടെ ചരിത്രപ്രസിദ്ധമായ പണിമുടക്കം നടന്നുകൊണ്ടിരുന്ന കാലമായിരുന്നു അത്. അദ്ദേഹത്തിന്റെ അനുഭാവം, സ്വാഭാവികമായിത്തന്നെ, പണിമുടക്കിയ തൊഴിലാളികളോടായിരുന്നു. 1927-ൽ ബ്രസ്സൽസിൽവെച്ച് കൂടിയ സാമ്രാജ്യത്വവിരുദ്ധസമ്മേളനത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രതിനിധിയായി അദ്ദേഹം പങ്കെടുത്തു. റൊമേൻ റൊളാങ്ങ്, ഐൻസ്റ്റൈൻ, മദാം സൻയാത്സൻ എന്നിങ്ങനെ ഒട്ടനവധി ബുദ്ധിജീവികളും രാഷ്ട്രീയനേതാക്കന്മാരും പങ്കെടുത്ത ആ സമ്മേളനത്തിൽവെച്ചാണ് 'സാമ്രാജ്യാധിപത്യത്തിനെതിരായ ലീഗ്' രൂപവൽക്കരിക്കപ്പെട്ടത്. ബ്രസ്സൽസ് സമ്മേളനവും ലീഗിന്റെ കമ്മിറ്റിയോഗങ്ങളും തനിക്ക് കൊളോണിയൽ ജനതകളുടെ സമരങ്ങളെപ്പറ്റിയും യൂറോപ്പിലെ സോഷ്യലിസ്റ്റ്–കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളെപ്പറ്റിയും തൊഴിലാളി പ്രസ്ഥാനങ്ങളെപ്പറ്റിയും മനസ്സിലാക്കാൻ അവസരം നൽകിയെന്ന് അദ്ദേഹം പിന്നീട് പ്രസ്താവിക്കുകയുണ്ടായി. തൊഴിലാളി പ്രസ്ഥാനത്തിന്റെ നേതാക്കന്മാർ രണ്ടാം ഇന്റർനാഷണലിൽ പെട്ട സോഷ്യലിസ്റ്റുകാരോ മൂന്നാം ഇന്റർനാഷണലിൽപെട്ട കമ്യൂണിസ്റ്റുകാരോ ആയിരുന്നു. സോഷ്യലിസ്റ്റുകാരെ അപേക്ഷിച്ച് കമ്യൂണിസ്റ്റുകാരാണ് അദ്ദേഹത്തെ കൂടുതലാകർഷിച്ചത്. അദ്ദേഹം എഴുതുന്നു: "രണ്ടാം ഇന്റർനാഷണലിന്റെയും മൂന്നാം ഇന്റർനാഷണലിന്റെയും തൊഴിലാളി ലോകങ്ങളെ സംബന്ധിച്ചിടത്തോളം എന്റെ അനുഭാവം രണ്ടാമതു പറഞ്ഞ കൂട്ടരോടായിരുന്നു. ഒന്നാം ലോകമഹായുദ്ധം മുതൽക്കുള്ള രണ്ടാം ഇന്റർനാഷണലിന്റെ പ്രവർത്തനങ്ങൾ എന്നിൽ അങ്ങേയറ്റത്തെ അനിഷ്ടമാണ് ജനിപ്പിച്ചത്. ഇന്ത്യക്കാരായ ഞങ്ങൾക്കാണെങ്കിൽ രണ്ടാം ഇന്റർനാഷണലിന്റെ ഉറച്ച അനുയായികളിലൊന്നിന്റെ—ബ്രിട്ടീഷ് ലേബർ പാർട്ടിയുടെ—മാർഗ്ഗങ്ങളെപ്പറ്റി നേരിട്ടുള്ള ധാരാളം അനുഭവങ്ങളുമുണ്ടായിരുന്നു. അതുകൊണ്ട് ഞാൻ അനിവാര്യമായും സൗഹൃദത്തോടുകൂടി കമ്യൂണിസത്തിലേക്ക് തിരിഞ്ഞു. എന്തെന്നാൽ, അതിന് എന്തൊക്കെത്തന്നെ ദൗർബല്യങ്ങളുണ്ടായിരുന്നാലും ആത്മവഞ്ചനയോ സാമ്രാജ്യാധിപത്യത്തോട് പ്രതിപത്തിയോ ഉണ്ടായിരുന്നില്ല. അതൊരു സൈദ്ധാന്തികമായ അംഗീകരണമായിരുന്നില്ല. കമ്യൂണിസത്തിന്റെ സൂക്ഷ്മവശങ്ങളെപ്പറ്റി എനിക്ക് വളരെയൊന്നും അറിഞ്ഞുകൂടായിരുന്നു. എന്റെ പരിചയം അതിന്റെ സാമാന്യസ്വഭാവങ്ങളിൽ ഒതുങ്ങിനിൽക്കുന്നതായിരുന്നു. ഈ സാമാന്യസ്വഭാവങ്ങളും അതോടൊപ്പം റഷ്യയിൽ ഉണ്ടായിക്കൊണ്ടിരുന്ന ഗംഭീരപരിവർത്തനങ്ങളും എന്നെ ആകർഷിച്ചു". [2]

കമ്യൂണിസത്തിന്റെ സാമാന്യ സ്വഭാവങ്ങളാൽ ആകർഷിക്കപ്പെട്ടുവെങ്കിലും അദ്ദേഹത്തിന് കമ്യൂണിസ്റ്റുകാരുടെ പെരുമാറ്റം തൃപ്തികരമായി തോന്നിയില്ല. ഇതദ്ദേഹം തുറന്നു പറയുന്നുണ്ട്: "കമ്യൂണിസ്റ്റുകാർ തങ്ങളുടെ സ്വേച്ഛാധിപത്യപരമായ മാർഗ്ഗങ്ങൾകൊണ്ടും ആക്രമണപരവും ഏറെക്കുറെ അശ്ലീലവുമായ നടപടികൾകൊണ്ടും തങ്ങളോടു യോജിക്കാത്ത എല്ലാവരെയും തള്ളിപ്പറയുക എന്ന സ്വഭാവംകൊണ്ടും എന്നെ പലപ്പോഴും ക്ഷോഭിപ്പിച്ചു. ഈ പ്രതികരണം അവർ പറയുന്നതുപോലെ, എന്റെ ബൂർഷ്വാവിദ്യാഭ്യാസത്തിന്റെയും പരിശീലനത്തിന്റെയും ഫലമാണെന്ന കാര്യത്തിൽ സംശയമില്ല". [3]

---

2. J. Nehru: An Autobiography, P. 163.
3. Ibid.

## 3 ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം

ഇന്ത്യയിൽ തിരിച്ചുവന്ന ഉടനെതന്നെ അദ്ദേഹം കുറേക്കൂടി വ്യക്തമായ കാഴ്ചപ്പാടോടും കൂടുതൽ ഉത്സാഹത്തോടും കൂടി സാമ്രാജ്യവിരുദ്ധപ്രക്ഷോഭങ്ങളിൽ മുഴുകി. സ്വാതന്ത്ര്യസമരത്തിന് അദ്ദേഹം പുതിയൊരർത്ഥവും പുതിയൊരു ചൈതന്യവും നൽകി. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയസ്വാതന്ത്ര്യം സ്വയമൊരു ലക്ഷ്യമല്ലാതായിത്തീർന്നു. ഇന്ത്യയുടെ ലക്ഷ്യം ഡൊമിനിയൻ പദവിയല്ല, പൂർണ്ണസ്വാതന്ത്ര്യമാണെന്നു പ്രഖ്യാപിച്ച ചരിത്രപ്രസിദ്ധമായ ലാഹോർ കോൺഗ്രസ്സിൽ അദ്ധ്യക്ഷതവഹിച്ചുകൊണ്ട് അദ്ദേഹം വ്യക്തമാക്കി: “ഞാൻ ഒരു സോഷ്യലിസ്റ്റും റിപ്പബ്ലിക്കനുമാണെന്നു തുറന്നു സമ്മതിക്കുന്നു. രാജാക്കന്മാരിലോ ചക്രവർത്തിമാരിലോ ആധുനിക വ്യവസായരാജാക്കന്മാരെ സൃഷ്ടിക്കുന്ന ഇന്നത്തെ സാമൂഹ്യവ്യവസ്ഥയിലോ എനിക്ക് വിശ്വാസമില്ല. ഈ വ്യവസായരാജാക്കന്മാർക്ക് ജനങ്ങളുടെ ജീവിതത്തിന്റെയും ഭാഗധേയത്തിന്റെയും മേൽ പഴയകാലത്തെ രാജാക്കന്മാർക്കുണ്ടായിരുന്നതിലുമധികം അധികാരശക്തിയുണ്ട്. അവരുടെ നടപടിക്രമമാകട്ടെ, പഴയ നാട്ടുവാഴി പ്രഭുക്കളുടേതിനേക്കാൾ പഴഞ്ചനുമാണ്”.

സ്വാതന്ത്ര്യസമരത്തിലെ പ്രക്ഷുബ്ധമായ ഒരു ഘട്ടമായിരുന്നു അത്. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിലാരംഭിച്ച നിസ്സഹകരണപ്രസ്ഥാനം ജനങ്ങളെ ആവേശഭരിതരാക്കി. അടിയും വെടിയും കൊള്ളാനും അറസ്റ്റുവരിച്ചു തടവറകൾ നിറയ്ക്കാനും വേണ്ടി പതിനായിരക്കണക്കിലുള്ള സ്ത്രീപുരുഷന്മാർ മുന്നോട്ടുവന്നു. അശ്വാരൂഢമായ പൊലീസുകാരുടെ ഒരടി കൊണ്ടപ്പോൾ നെഹ്റു ഔദ്യോഗികമായ ക്രൂരതയുടെ സ്വാദ് നേരിട്ടനുഭവിച്ചു. എന്നാൽ, ഇത്തരം മർദ്ദനങ്ങൾ അദ്ദേഹത്തിന്റെ മനസ്സൈര്യം കൂടുതൽ വർദ്ധിപ്പിക്കാനാണ് സഹായിച്ചത്. ജയിലിൽ കഴിച്ചുകൂട്ടിയ കാലത്ത് അദ്ദേഹം കത്തുകളുടെ രൂപത്തിൽ ഒരു ലോകചരിത്രമെഴുതിയുണ്ടാക്കി. ഇന്ത്യാചരിത്രത്തെ സാർവലൗകിക സംഭവവികാസങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് പരിശോധിക്കാനും ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തെ ലോകത്തിലൊട്ടുക്കുമുള്ള മർദ്ദിതജനതകളുടെ വിമോചനസമരത്തിന്റെ ഭാഗമായി കാണാനും ശ്രമിച്ച ആദ്യത്തെ ഇന്ത്യൻ ചരിത്രകാരൻ അദ്ദേഹമാണെന്നു തോന്നുന്നു. എന്നാൽ, ഒരു ചരിത്രപണ്ഡിതനെന്ന നിലയ്ക്കല്ല, മറിച്ച്, സ്വാതന്ത്ര്യത്തിനും പുതിയൊരു സാമൂഹ്യക്രമത്തിനും വേണ്ടിയുള്ള സമരത്തിലെ കർമ്മനിരതനായ യോദ്ധാവെന്ന നിലയ്ക്കാണ്, അദ്ദേഹം ഇന്ത്യയുടെ ഭൂതകാലചരിത്രത്തിൽ ആണ്ടുമുങ്ങിയത്. ഇന്ത്യയുടെ ദേശീയപ്രസ്ഥാനത്തിന് ഒരു ചരിത്രപശ്ചാത്തലം നൽകുകയും സാമൂഹ്യപുരോഗതിയുടെയും മാറിമറിഞ്ഞുകൊണ്ടിരിക്കുന്ന സമകാലിക സംഭവവികാസങ്ങളുടെയും അടിയിലുള്ള നിയാമകശക്തികളെ വെളിപ്പെടുത്തുകയും ചെയ്യുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ഉന്നം.

## 4 സോഷ്യലിസത്തിലേക്ക്

സമാരാധ്യനായ ഒരു ദേശീയനേതാവായി ജയിലിൽ നിന്നു പുറത്തുവന്ന ഉടനെതന്നെ നെഹ്റു വീണ്ടും സമരങ്ങളുടെ തീവ്രതയിലേക്ക് കുതിച്ചുചാടി. അദ്ദേഹത്തിന്റെ സോഷ്യലിസ്റ്റാദർശം കൂടുതൽ ഉജ്ജ്വലവും കൂടുതൽ വ്യക്തവുമായിത്തീർന്നു. 1936-ൽ ലഖ്നൊ കോൺഗ്രസ്സിൽവെച്ച് അദ്ദേഹം ഇങ്ങനെ ഉൽഘോഷിച്ചു: “ലോകത്തിന്റെയും ഇന്ത്യയുടെയും പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഒരേയൊരുമാർഗ്ഗം സോഷ്യലിസമാണെന്ന് എനിക്ക് ബോധ്യമായിരിക്കുന്നു. സോഷ്യലിസമെന്ന പദം ഞാനുപയോഗിക്കുന്നത് അവ്യക്തവും മനുഷ്യസ്നേഹപരവുമായ അർത്ഥത്തിലല്ല, ശാസ്ത്രീയവും സാമ്പത്തികവുമായ അർത്ഥത്തിലാണ്”. സോഷ്യലിസം ഒരു സാമ്പത്തികസിദ്ധാന്തമോ സാമൂഹ്യക്രമമോ മാത്രമല്ല, അതിലും കവിഞ്ഞ ഒന്നാണ്, എന്നുകൂടി അദ്ദേഹം ചൂണ്ടിക്കാണിച്ചു: “അതൊരു ജീവിതതത്വമാണ്; ആ നിലയ്ക്ക് അതെന്നെ ആകർഷിക്കുകയും ചെയ്യുന്നു. തൊഴിലില്ലായ്മയും അധഃപതനവും ഇന്ത്യൻ ജനതയുടെ അടിമത്തവും അവസാനിപ്പിക്കാൻ സോഷ്യലിസമല്ലാതെ മറ്റൊരു മാർഗ്ഗവും ഞാൻ കാണുന്നില്ല. നമ്മുടെ രാഷ്ട്രീയ–സാമൂഹ്യഘടനകളിൽ വിപുലവും വിപ്ലവകരവുമായ പരിവർത്തനങ്ങൾ, ഭൂമിയിലും വ്യവസായത്തിലുമുള്ള സ്ഥാപിതതാല്പര്യങ്ങളും അതോടൊപ്പംതന്നെ ഇന്ത്യയിലെ നാട്ടുരാജ്യങ്ങളിലെ നാടുവാഴിത്തപരവും സ്വേച്ഛാധിപത്യപരവുമായ വ്യവസ്ഥിതിയും അവസാനിപ്പിക്കൽ—ഇതെല്ലാം അതിലുൾപ്പെടുന്നു. ഇതിന്റെ അർത്ഥം ഒരു ചെറിയ പരിധിയൊഴിച്ചുള്ള എല്ലാ സ്വകാര്യസ്വത്തുടമസ്ഥതയും അവസാനിപ്പിക്കുക എന്നാണ്; ലാഭത്തിന്റെ അടിസ്ഥാനത്തിലുള്ള ഇന്നത്തെ സാമൂഹ്യക്രമത്തിന്റെ സ്ഥാനത്ത് കൂടുതലുയർന്ന സഹകരണസേവനത്തിന്റെ ആദർശം സ്ഥാപിക്കുകയെന്നാണ്. അന്തിമമായി, നമ്മുടെ സഹജവാസനകളിലും ശീലങ്ങളിലും ആഗ്രഹാഭിലാഷങ്ങളിലും ഒരു മാറ്റം വരുത്തുക എന്നാണിതിന്നർത്ഥം. ഇതിന്റെ അർത്ഥം ഇന്നത്തെ മുതലാളിത്തവ്യവസ്ഥിതിയുടേതിൽ നിന്ന് തികച്ചും വിഭിന്നമായ ഒരു പുതിയ സംസ്കാരം എന്നാണ്”. [4]

ഇങ്ങനെ, നെഹ്റുവിന്റെ സോഷ്യലിസം ഒരു സാമ്പത്തികവ്യവസ്ഥ മാത്രമായിരുന്നില്ല, ഒരു ജീവിതതത്വശാസ്ത്രം കൂടിയായിരുന്നു. പട്ടിണി, തൊഴിലില്ലായ്മ, രോഗം, നിരക്ഷരത, കഷ്ടപ്പാട് മുതലായവയെ തുടച്ചുനീക്കുക മാത്രമല്ല, മനുഷ്യന്റെ വ്യക്തിവൈശിഷ്ട്യത്തെ സർവതോന്മുഖമായി വളർത്തുക എന്നതുകൂടി സോഷ്യലിസത്തിന്റെ ലക്ഷ്യമത്രേ. 1939-ൽ സുഭാഷ്ചന്ദ്രബോസ്സിനയച്ച ഒരു കത്തിൽ അദ്ദേഹം എഴുതി: “മനസ്ഥിതികൊണ്ടും പരിശീലനംകൊണ്ടും ഞാനൊരു വ്യക്തിവാദിയാണെന്നു തോന്നുന്നു. എന്നാൽ, ബൗദ്ധികമായി, എല്ലാ അർത്ഥത്തിലും, ഞാനൊരു സോഷ്യലിസ്റ്റാണ്. സോഷ്യലിസം വ്യക്തിത്വത്തെ ഹനിക്കുകയോ അടിച്ചമർത്തുകയോ ചെയ്യുകയില്ലെന്നു ഞാൻ കരുതുന്നു. യഥാർത്ഥത്തിൽ, എണ്ണമറ്റ മനുഷ്യജീവികളെ സാമ്പത്തികവും സാംസ്കാരികവുമായ ബന്ധനത്തിൽ നിന്ന് അത് മോചിപ്പിക്കും എന്നതുകൊണ്ടാണ് ഞാനതിലേക്ക് ആകൃഷ്ടനായത്”. [5]

മാർക്സിയൻ സിദ്ധാന്തങ്ങൾ പഠിക്കുകയും സാമൂഹ്യപുരോഗതിയുടെ നിയമങ്ങൾ മനസ്സിലാക്കുകയും ജീവിതത്തോടും ജീവിതസാഹചര്യങ്ങളോടും ശാസ്ത്രീയമായ ഒരു സമീപനം കൈക്കൊള്ളുകയും ചെയ്തതിന്റെ ഫലമാണ് നെഹ്റുവിന്റെ സാർവലൗകികവീക്ഷണഗതി. മുരട്ടുതത്വവാദത്തിന്റെ അഭാവത്തിലും യാഥാർത്ഥ്യങ്ങളോടുള്ള ശാസ്ത്രീയസമീപനത്തിലുമാണ് മാർക്സിസത്തിന്റെ ശക്തി കിടക്കുന്നത് എന്നും ഈ സവിശേഷതകളാണ് സങ്കീർണ്ണങ്ങളായ സാമൂഹ്യപ്രതിഭാസങ്ങളെ മനസ്സിലാക്കാനും മനുഷ്യരാശിയുടെ നന്മയ്ക്കുവേണ്ടി അവയെ ഉപയോഗപ്പെടുത്താനും സഹായിക്കുന്നതെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു. ഫലശൂന്യമായ മുരട്ടുതത്വവാദത്തെയും അന്ധവും മൂഢവുമായ ഭക്തിയെയും അദ്ദേഹം കഠിനമായി വെറുത്തു. ഇന്ത്യയുടെ കെട്ടിപ്പിണഞ്ഞ യാഥാർത്ഥ്യങ്ങളെ വിശകലനം ചെയ്തു മനസ്സിലാക്കുകയും ആ യാഥാർത്ഥ്യങ്ങളെ മാറ്റാൻ പറ്റിയ പരിപാടികൾ നടപ്പിൽ വരുത്തുകയും ചെയ്യുന്നതിന് പകരം മാർക്സിസ്റ്റ് തത്വങ്ങളെ മന്ത്രംപോലെ ഉരുവിട്ടുനടന്ന കമ്യൂണിസ്റ്റുകാരും അദ്ദേഹത്തിന്റെ രൂക്ഷമായ വിമർശനത്തിനു വിധേയരായി. അദ്ദേഹം തന്റെ ആത്മകഥയിലൊരിടത്ത് എഴുതിയതിങ്ങനെയാണ്: “സാധാരണഗതിയിൽ പറഞ്ഞാൽ, പട്ടിണിയുടെ വക്കത്തെത്തിയ നിരവധി ജനങ്ങളോടും തകർന്നുകൊണ്ടിരിക്കുന്ന സാമ്പത്തിക ഘടനയോടും കൂടിയ ഇന്ത്യയെപ്പോലെയുള്ള ഒരു രാജ്യത്തിൽ കമ്യൂണിസത്തിന് വിപുലമായ സ്വാധീനം ഉണ്ടാകേണ്ടതാണ്. ഒരർത്ഥത്തിൽ അവ്യക്തമായ ആ സ്വാധീനശക്തി നിലനിൽക്കുന്നുണ്ടുതാനും. പക്ഷേ, കമ്യൂണിസ്റ്റുപാർട്ടിക്ക് അതുപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. കാരണം, അവർ ദേശീയവികാരത്തിന്റെ നീരുറവകളിൽ നിന്ന് സ്വയം അകന്നുമാറി നിൽക്കുകയും ജനഹൃദയങ്ങളിൽ മാറ്റൊലിയുണ്ടാക്കാൻ കഴിവില്ലാത്ത ഭാഷയിൽ സംസാരിക്കുകയും ചെയ്യുന്നു. അങ്ങനെ കമ്യൂണിസം ചുറുചുറുക്കുള്ളതെങ്കിലും യഥാർത്ഥമായ അടിവേരുകളില്ലാത്ത ഒരു ചെറിയ സംഘം മാത്രമായി നിലനിൽക്കുന്നു”. [6]

---

4. J. Nehru: India and the World, PP. 82–3.
5. J. Nehru: A Bunch of Letters, P. 853.
6. J. Nehru: The Discovery of India, P. 530.

## 5 ലക്ഷ്യവും മാർഗ്ഗവും

ലക്ഷ്യത്തിന്റെയും മാർഗ്ഗത്തിന്റെയും പ്രശ്നത്തിന് നെഹ്റുവിന്റെ വീക്ഷണഗതിയിൽ മുഖ്യമായ ഒരു സ്ഥാനമാണുള്ളത്. ലക്ഷ്യം മാർഗ്ഗത്തെ ന്യായീകരിക്കുന്നു എന്ന വാദത്തോട് അദ്ദേഹത്തിന് യോജിപ്പില്ല. നല്ല ലക്ഷ്യത്തിന് നല്ല മാർഗ്ഗം കൂടിയേ കഴിയൂ എന്നും ചീത്ത മാർഗ്ഗത്തിൽ നിന്ന് ചീത്ത ഫലം മാത്രമേ ഉളവാവുകയുള്ളൂ എന്നും അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു: "നമ്മൾ ഉന്നംവെയ്ക്കുന്ന ലക്ഷ്യവും അതു നേടാൻവേണ്ടി അവലംബിക്കുന്ന മാർഗ്ഗവും തമ്മിൽ വളരെയടുത്ത, അഭേദ്യമായ, ഒരു ബന്ധമുണ്ടെന്ന് ഞാൻ കരുതുന്നു. ലക്ഷ്യം ശരിയാണെങ്കിൽപോലും, മാർഗ്ഗം തെറ്റാണെങ്കിൽ അത് ലക്ഷ്യത്തെ ദൂഷിപ്പിക്കുകയോ തെറ്റായ വഴിയിലേക്ക് നമ്മെ തിരിച്ചുവിടുകയോ ചെയ്യും. അങ്ങനെ ലക്ഷ്യവും മാർഗ്ഗവും തമ്മിൽ വേർപെടുത്താനാവാത്തവിധം അത്രയും ദൃഢമായി ബന്ധപ്പെട്ടിരിക്കുന്നു. മൺമറഞ്ഞ അനവധി മഹാരഥന്മാർ പഠിപ്പിച്ച പഴയ പാഠമാണിത്. പക്ഷേ, നിർഭാഗ്യത്തിന് അത് മിക്കവാറും വിസ്മരിക്കപ്പെട്ടിരിക്കുന്നു". [7]

റഷ്യൻ വിപ്ലവവും സോവിയറ്റ് യൂണിയന്റെ ആവിർഭാവവും മനുഷ്യചരിത്രത്തിൽ ഒരു പുതിയ കാലഘട്ടം ഉദ്ഘാടനം ചെയ്തു എന്ന കാര്യത്തിൽ നെഹ്റുവിന് സംശയമുണ്ടായിരുന്നില്ല. എങ്കിലും, സോവിയറ്റ് സമുദായത്തിലെ നിഷേധാത്മകങ്ങളും മാർഗ്ഗത്തിന്റെ വിശുദ്ധിയെ അവഗണിക്കുന്നവയുമായ ചില പ്രവണതകളെ അദ്ദേഹം വിമർശിച്ചു: "അവിടത്തെ സംഭവവികാസങ്ങൾ പലപ്പോഴും ഞാനിഷ്ടപ്പെടാത്തവയായിരുന്നു; അല്ലെങ്കിൽ, എനിക്ക് മനസ്സിലാവാത്തവയായിരുന്നു; അവ അവസരവാദപരമോ ശക്തിരാഷ്ട്രീയവുമായി ബന്ധപ്പെട്ടവയോ ആണെന്ന് എനിക്ക് തോന്നി". [8] മറ്റൊരിടത്ത് അദ്ദേഹം എഴുതി: "വളരെക്കാലമായി സോഷ്യലിസവും കമ്യൂണിസവും എന്നെ ആകർഷിച്ചുപോന്നിട്ടുണ്ട്. റഷ്യയും എന്നെ ആകർഷിക്കുകയുണ്ടായി. പക്ഷേ, സോവിയറ്റ് റഷ്യയിലെ പലതും—എല്ലാ എതിരഭിപ്രായങ്ങളെയും നിർദ്ദയമായി അടിച്ചമർത്തൽ, സാർവത്രികമായ പട്ടാളച്ചിട്ട, വിവിധനയങ്ങൾ നടപ്പിലാക്കുമ്പോൾ ഉപയോഗിക്കപ്പെടുന്ന അനാവശ്യമായ അക്രമങ്ങൾ (അങ്ങനെയാണ് ഞാൻ കരുതുന്നത്)—ഞാനിഷ്ടപ്പെടുന്നില്ല". [9] ഇതിന്റെ അർത്ഥം നെഹ്റു ഒരു സോവിയറ്റ് വിരോധിയായിരുന്നു എന്നല്ല. നേരെമറിച്ച്, സോവിയറ്റ് യൂണിയന്റെ ക്രിയാത്മകങ്ങളായ നേട്ടങ്ങളെ അദ്ദേഹം വളരെയധികം വിലമതിച്ചു. "സോവിയറ്റ് വിപ്ലവം മനുഷ്യസമുദായത്തെ ഒരു കുതിച്ചുചാട്ടത്തിലൂടെ മുന്നോട്ടുനയിക്കുകയും അണയ്ക്കപ്പെടാനാവാത്ത പ്രകാശമാനമായ ഒരു ദീപനാളം കൊളുത്തുകയും ലോകത്തിന് മുന്നേറി എത്തിച്ചേരാനുള്ള ഒരു പുതിയ നാഗരികതയുടെ അടിത്തറയിടുകയും ചെയ്തു" [10] എന്നദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. ലഖ്നൗ കോൺഗ്രസിലെ അദ്ധ്യക്ഷപ്രസംഗത്തിൽ അദ്ദേഹം വീണ്ടും പറഞ്ഞു: "നമ്മുടെ മ്ലാനമായ കാലഘട്ടത്തിലെ ആശാവഹമായ ഒരു പ്രതിഭാസമെന്ന നിലയ്ക്കാണ് പുതിയൊരു സാമൂഹ്യക്രമത്തിന്റെയും പുതിയൊരു നാഗരികതയുടെയും ശ്രേഷ്ഠവും കണ്ണഞ്ചിപ്പിക്കുന്നതുമായ ആ വിടർച്ചയെ ഞാൻ നോക്കിക്കാണുന്നത്. ഭാവി ആശാവഹമാണെങ്കിൽ അതിനുള്ള കാരണം സോവിയറ്റ് റഷ്യയും സോവിയറ്റ് റഷ്യയുടെ സംഭാവനകളുമാണ്. സാർവലൗകികമായ ഒരു വിപത്ത് ഇടയ്ക്ക് കടന്നുവന്നില്ലെങ്കിൽ ഈ പുതിയ നാഗരികത മറുനാടുകളിലേക്ക് വ്യാപിക്കുകയും മുതലാളിത്തം ഊട്ടിവളർത്തുന്ന യുദ്ധങ്ങളും സംഘട്ടനങ്ങളും അവസാനിപ്പിക്കുകയും ചെയ്യുമെന്ന് എനിക്കുറപ്പുണ്ട്". [11]

---

7. J. Nehru: Speeches, (1949–53) P. 396.
8. J. Nehru: The Discovery of India, P. 15.
9. J. Nehru: An Autobiography, P. 361.
10. J. Nehru: The Discovery of India, P. 15.
11. J. Nehru: Presidential Address of the Lucknow Congress, 1936.

# 6 കോൺഗ്രസ്സിലെ സംഘട്ടനങ്ങൾ

നെഹ്റുവിന്റെ ഇത്തരം പ്രസ്താവനകൾ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിക്കൊണ്ടിരുന്ന ജനങ്ങളിൽ, പ്രത്യേകിച്ചും യുവതലമുറയിൽ, വമ്പിച്ച സ്വാധീനം ചെലുത്തി. അവർ മാർക്സിസത്തെപ്പറ്റിയും സോഷ്യലിസത്തെപ്പറ്റിയും സോവിയറ്റ് യൂണിയന്റെ നേട്ടങ്ങളെപ്പറ്റിയും കൂടുതൽ പഠിക്കാനും ചർച്ച ചെയ്യാനും തുടങ്ങി. ഈ പുതിയ പ്രവണത സ്ഥാപിത താല്പര്യക്കാരെ അമ്പരപ്പിക്കുകയും വിറളി പിടിപ്പിക്കുകയും ചെയ്തു. കോൺഗ്രസ്സിലെ വലതുപക്ഷ വിഭാഗക്കാരും തങ്ങളുടെ അസംതൃപ്തിയെ മറച്ചുവെച്ചില്ല. ഈ പോക്ക് തുടരുകയാണെങ്കിൽ ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിലുള്ള കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റിയിൽ നിന്ന് രാജിവെച്ചു പോകാൻ തങ്ങൾ നിർബദ്ധരായിത്തീരുമെന്ന് വല്ലഭായിപട്ടേൽ, കൃപലാനി, രാജേന്ദ്രപ്രസാദ്, രാജഗോപാലാചാരി എന്നീ തലമുതിർന്ന കോൺഗ്രസ്സ് നേതാക്കന്മാർ ഭീഷണിപ്പെടുത്തുക കൂടി ചെയ്തു. തങ്ങളുടെ നിലപാട് വ്യക്തമാക്കിക്കൊണ്ട് അവർ എഴുതി: "പ്രസിഡന്റും വർക്കിംഗ് കമ്മിറ്റിയിലെ സോഷ്യലിസ്റ്റുകാരായ മറ്റു മെമ്പർമാരും സോഷ്യലിസത്തെപ്പറ്റി പ്രചാരവേല ചെയ്യുകയും ഊന്നിപ്പറയുകയും ചെയ്യുന്നത്, കോൺഗ്രസ്സ് അതംഗീകരിച്ചിട്ടില്ലാത്ത സ്ഥിതിക്ക്, പ്രത്യേകിച്ചും ഈ ഘട്ടത്തിൽ, രാജ്യത്തിന്റെ ഉത്തമതാല്പര്യങ്ങൾക്കും നാമെല്ലാം പ്രഥമവും പ്രധാനവുമായി കണക്കാക്കുന്ന ദേശീയസ്വാതന്ത്ര്യ സമരത്തിന്റെ വിജയത്തിനും വിഘാതമായിത്തീരുമെന്ന് ഞങ്ങൾ കരുതുന്നു". [12]

കോൺഗ്രസ്സ് സംഘടനയുടെ ലക്ഷ്യം സോഷ്യലിസമായിരിക്കണമെന്ന് നെഹ്റു ആഗ്രഹിച്ചു. പക്ഷേ, അതത്ര എളുപ്പമുള്ള ഒരു കാര്യമായിരുന്നില്ല. കാരണം, കോൺഗ്രസ്സിലെ ജനസ്വാധീനമുള്ള നേതാക്കന്മാരിൽ ഭൂരിഭാഗവും നെഹ്റുവിന്റെ സോഷ്യലിസ്റ്റാശയങ്ങൾക്കെതിരായിരുന്നു. നെഹ്റു തന്നെ പറഞ്ഞു: "കോൺഗ്രസ് ഒരു സോഷ്യലിസ്റ്റ് സംഘടനയായിത്തീരണമെന്നും പുതിയൊരു നാഗരികതയ്ക്കുവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ലോകത്തിലെ മറ്റു ശക്തികളുമായി അതു സഹകരിച്ചു പ്രവർത്തിക്കണമെന്നുമാണ് ഞാനാഗ്രഹിക്കുന്നത്. എന്നാൽ, കോൺഗ്രസ്സിലെ ഭൂരിഭാഗവും അത്രത്തോളം പോകാൻ തയ്യാറില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു... നമ്മുടെ ദേശീയമായ പശ്ചാത്തലം കാരണം സ്ഥാപിതതാല്പര്യങ്ങളെ ഭയപ്പെടുത്തിയേക്കാവുന്ന എന്തെങ്കിലുമൊരു നടപടി കൈക്കൊള്ളാൻ നമ്മളിൽ മിക്കവരും മടിക്കുന്നു. ഈ സ്ഥാപിത താല്പര്യക്കാരിൽ മിക്കവരും ഇപ്പോൾ നമുക്കെതിരാണ്. രാഷ്ട്രീയസമരത്തിൽ പോലും അവരിൽ നിന്ന് എതിർപ്പല്ലാതെ മറ്റെന്തെങ്കിലും പ്രതീക്ഷിക്കാൻ നമുക്ക് കഴിയുകയുമില്ല".

കോൺഗ്രസ്സിൽ നിന്നു തെറ്റിപ്പിരിഞ്ഞു പോകാനോ മഹാത്മാഗാന്ധിയെയും മറ്റു കോൺഗ്രസ് നേതാക്കന്മാരെയും വെറുപ്പിക്കാനോ നെഹ്റു ഒരിക്കലും ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് അദ്ദേഹം തന്റെ വിപ്ലവാശയങ്ങളെ കൈവിടാതെ തന്നെ ക്ഷമയോടും കരുതലോടും കൂടി മെല്ലെ മെല്ലെ മുന്നോട്ടുപോകാനാണ് തീരുമാനിച്ചത്. ഒരുഭാഗത്ത് കോൺഗ്രസ്സിന്റെ ചിന്താഗതിക്കനുസൃതമായി തന്റെ ആശയങ്ങളിൽ വിട്ടുവീഴ്ച ചെയ്യാനും മറുഭാഗത്ത് മാറിയ പരിതസ്ഥിതികൾക്കും ജനങ്ങളുടെ പ്രതീക്ഷകൾക്കും ഒത്തിണങ്ങിപ്പോകാൻ കോൺഗ്രസ്സിനെ പ്രേരിപ്പിക്കാനും അദ്ദേഹം പരിശ്രമിച്ചു. ഈ പരിശ്രമത്തിൽ അദ്ദേഹത്തിന് വിജയമുണ്ടായില്ലെന്നു പറയാൻ വയ്യ. അദ്ദേഹത്തിന്റെ സോഷ്യലിസ്റ്റാശയങ്ങളെ കൂടുതൽ കൂടുതൽ ജനങ്ങൾ പിന്താങ്ങാൻ തുടങ്ങി. കോൺഗ്രസ്സിനെക്കൊണ്ട് സാമ്രാജ്യാധിപത്യത്തിനും ഫാസിസത്തിനും യുദ്ധത്തിനും എതിരായ ഒരു സാർവലൗകികവീക്ഷണഗതി അംഗീകരിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചു. അങ്ങനെ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഇന്ത്യയിലെ ദേശീയപ്രസ്ഥാനം മുമ്പെന്നത്തേക്കാളുമധികം ശക്തിപ്പെട്ടു.

---

12. Quoted in Michael Brecher, Nehru, P. 224.

## 7 മതവും രാഷ്ട്രവും

സാമ്രാജ്യവാദികളും പിന്തിരിപ്പൻ സ്ഥാപിത താല്പര്യക്കാരും ജാതി–മത–വിഭാഗീയചിന്തകൾക്ക് എല്ലാത്തരം പ്രോത്സാഹനങ്ങളും നൽകിക്കൊണ്ടിരുന്ന ഒരു കാലമായിരുന്ന അത്. “ഹിന്ദി, ഹിന്ദു, ഹിന്ദുസ്ഥാൻ!” എന്ന മുദ്രാവാക്യവുമായി രംഗത്തുവന്ന യാഥാസ്ഥിതിക നേതാക്കന്മാർ “രാഷ്ട്രീയപ്രസ്ഥാനത്തെ ഹിന്ദുവൽക്കരിക്കാനും ഹിന്ദുമതത്തെ സൈന്യവൽക്കരിക്കാനും ശ്രമിച്ചു. ഇന്ത്യാരാജ്യം ഹിന്ദുക്കളുടേതു മാത്രമാണെന്ന് രാഷ്ട്രീയവിപ്ലവകാരിയും അതേസമയത്തുതന്നെ ഹിന്ദുമതനേതാവുമായ വിനായക ദാമോദർസവർക്കർ പ്രഖ്യാപിച്ചു. “അവർക്ക് (അതായത് ഹിന്ദുക്കൾക്ക്) ഒരൊറ്റ സംസ്കാരമാണുള്ളത്. ഹിന്ദുക്കൾക്ക് മാത്രമേ പൊതുവായ ഒരു രാഷ്ട്രവും പൊതുവായ ഒരു സംസ്കാരവുമുള്ളൂ. അവർ ഇന്ത്യയെ മാതൃഭൂമിയും പിതൃഭൂമിയുമായി മാത്രമല്ല, തങ്ങളുടെ പുണ്യഭൂമിയായും അംഗീകരിക്കുന്നു. അവരുടേതു മാത്രമാണ് ഇന്ത്യൻ രാഷ്ട്രം”. രാഷ്ട്രീയ സ്വയം സേവകസംഘത്തിന്റെ നേതാവായ ഗോൽവാൽക്കർ ഒരു പടികൂടി മുന്നോട്ടുകടന്നു. ഇന്ത്യയിലെ മുസ്ലീങ്ങൾ ഒരു വിദേശീയവംശമാണെന്നും അതുകൊണ്ട് ഇവിടെ പൗരത്വമവകാശപ്പെടാൻ അവർക്കധികാരമില്ലെന്നും അദ്ദേഹം വാദിച്ചു. 1939-ൽ അദ്ദേഹം എഴുതി: ഹിന്ദുസ്ഥാനത്തിലെ അഹിന്ദുക്കൾ ഹിന്ദുസംസ്കാരവും ഹിന്ദുഭാഷയും സ്വീകരിക്കണം. ഹിന്ദുമതത്തെ മാനിക്കാനും ആദരിക്കാനും പഠിക്കണം. ഹിന്ദുവംശത്തിന്റെയും ഹിന്ദു സംസ്കാരത്തിന്റെയും മഹിമയെക്കുറിച്ചല്ലാതെ മറ്റൊന്നിനെക്കുറിച്ചുമുള്ള ചിന്തകൾ വെച്ചു പുലർത്താൻ പാടില്ല. എന്നുവെച്ചാൽ, അവർ ഈ രാജ്യത്തോടും ഈ രാജ്യത്തിന്റെ ചിരന്തനമായ പാരമ്പര്യങ്ങളോടുമുള്ള അസഹിഷ്ണുതയും നന്ദികേടും ഉപേക്ഷിച്ചാൽ മാത്രം പോരാ; സ്നേഹവും കൂറുമുള്ള ക്രിയാത്മകമായ ഒരു മനോഭാവം വളർത്തിക്കൊണ്ടുവരികയും വേണം. ഒറ്റവാക്കിൽ പറഞ്ഞാൽ അവർ വിദേശികൾ അല്ലാതായി തീരണം. ഇങ്ങനെയല്ലെങ്കിൽ യാതൊന്നും അവകാശപ്പെടാതെ, പ്രത്യേകാനുകൂല്യങ്ങൾക്കെന്നല്ല, യാതൊരവകാശത്തിനും അർഹതയില്ലാതെ, പൗരത്വാവകാശം പോലുമില്ലാതെ, ഹിന്ദുരാഷ്ട്രത്തിന് പൂർണ്ണമായും കീഴടങ്ങിക്കൊണ്ട്, അവർക്കിവിടെ ജീവിക്കാം... ഇതല്ലാതെ അവർക്ക് സ്വീകരിക്കാവുന്ന മറ്റൊരു മാർഗ്ഗവുമില്ല”. [13]

ഇതിന് നേരെ എതിരായ ഒരു നിലപാടാണ് മുസ്ലീം സ്ഥാപിതതാല്പര്യക്കാരും മുസ്ലീം ലീഗുനേതാക്കന്മാരും കൈക്കൊണ്ടത്. അവർ “മുസ്ലീം സംസ്കാര”ത്തെക്കുറിച്ചും ഇന്ത്യയിലെ “മുസ്ലീം രാഷ്ട്ര”ത്തെക്കുറിച്ചും ഹിന്ദുമുസ്ലീം സംസ്കാരങ്ങളുടെ ഒരിക്കലും പൊരുത്തപ്പെടാത്ത വൈരുദ്ധ്യങ്ങളെക്കുറിച്ചുമുള്ള തങ്ങളുടെ സ്വന്തം വിഭാഗീയചിന്തകൾ പ്രചരിപ്പിക്കാൻ തുടങ്ങി. അഖിലേന്ത്യാ മുസ്ലീം ലീഗിന്റെ നേതാവ്. മുഹമ്മദലിജിന്ന, 1940-ൽ ഇങ്ങനെ പറഞ്ഞു: “ഇസ്ലാമിന്റെയും ഹിന്ദുമതത്തിന്റെയും യഥാർത്ഥസ്വഭാവം മനസ്സിലാക്കുന്നതിൽ നമ്മുടെ ഹിന്ദുസുഹൃത്തുക്കൾ പരാജയപ്പെടുന്നതെന്തുകൊണ്ടാണെന്ന് മനസ്സിലാക്കാൻ വളരെ വിഷമമുണ്ട്. ശരിക്കുള്ള അർത്ഥത്തിൽ അവ മതങ്ങളല്ല, പിന്നെയോ, വ്യത്യസ്തങ്ങളും വ്യതിരിക്തങ്ങളുമായ സാമൂഹ്യക്രമങ്ങളാണ്. ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും എന്നെങ്കിലും ഒരു പൊതുരാഷ്ട്രമായി രൂപപ്പെടാൻ കഴിയുമെന്ന വിചാരം സ്വപ്നം മാത്രമാണ്. ഒരേയൊരു ഇന്ത്യൻ രാഷ്ട്രം എന്ന തെറ്റായ സങ്കല്പം വളരെയധികം അതിരുകടന്നുപോയി. നിങ്ങളുടെ മിക്ക കുഴപ്പങ്ങൾക്കും ഇതാണ് കാരണം. സമയം വൈകുന്നതിനുമുമ്പ് ഈ തെറ്റായ സങ്കല്പങ്ങൾ തിരുത്തിയില്ലെങ്കിൽ ഇന്ത്യ നാശത്തിലേക്ക് നയിക്കപ്പെടും”.

ഇത്തരം ചിന്താഗതികളെ നെഹ്റു നിശിതമായി എതിർത്തു. സംസ്കാരത്തെയും രാഷ്ട്രത്തെയും സംബന്ധിച്ചുള്ള മതപരമായ സങ്കല്പങ്ങൾ അശാസ്ത്രീയങ്ങളും ദ്രോഹകരങ്ങളുമാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. “മുസ്ലീം രാഷ്ട്ര”ത്തിനുവേണ്ടി വാദിക്കുന്നതിന്റെ അർത്ഥം “രാഷ്ട്രം എന്ന ഒന്നില്ല, മതപരമായ ബന്ധം മാത്രമേയുള്ളൂ” എന്നാണ് എന്ന് അദ്ദേഹം വ്യക്തമാക്കി: “ഇതിന്റെ അർത്ഥം ആധുനികാർത്ഥത്തിലുള്ള യാതൊരു രാഷ്ട്രത്തെയും വളരാൻ സമ്മതിക്കില്ല എന്നാണ്. ആധുനിക നാഗരികത ഉപേക്ഷിക്കണമെന്നും നമ്മൾ മധ്യകാല ജീവിത രീതികളിലേക്ക് മടങ്ങിപ്പോകണമെന്നുമാണ്. ഒരു സ്വേച്ഛാധിപത്യ ഗവണ്മെന്റ് എന്നോ അല്ലെങ്കിൽ ഒരു വിദേശീയഗവണ്മെന്റ് എന്നോ ആണ് അതിന്റെ വിവക്ഷ. സർവോപരി, അതിന്റെ അർത്ഥം ഒരു വൈകാരികമാനസികാവസ്ഥയല്ലാതെ മറ്റൊന്നുമില്ലെന്നും യാഥാർത്ഥ്യങ്ങളെ, വിശേഷിച്ചും സാമ്പത്തിക യാഥാർത്ഥ്യങ്ങളെ, നേരിടാതിരിക്കാനുള്ള അബോധമോ സുബോധമോ ആയ ഒരാഗ്രഹം എന്നുമാണ്”. [14]

---

13. M. S. Golwalkar: We or The Nationhood Defined, P. 55.
14. J. Nehru: An Autobiography.

## 8 സാമുദായികവാദത്തിന്റെ പശ്ചാത്തലം

ഇന്ത്യയിൽ സാംസ്കാരികവും വംശസംബന്ധിയുമായ വ്യത്യാസങ്ങൾ നിലനിൽക്കുന്നുണ്ടെന്ന് നെഹ്റു സമ്മതിച്ചു. പക്ഷേ, അവയ്ക്ക് മതപരമായ വിഭാഗങ്ങളുമായി ബന്ധമൊന്നുമില്ല. “ഒരാൾ ഒരു മതത്തിൽനിന്ന് മറ്റൊരു മതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടാലും അയാളുടെ ചരിത്രപരമായ സംവിധാനത്തിലോ വംശസംബന്ധിയായ സ്വഭാവവിശേഷങ്ങളിലോ മാറ്റമുണ്ടാകുന്നില്ല. സാംസ്കാരികപശ്ചാത്തലത്തിലും പറയത്തക്ക മാറ്റമൊന്നുമുണ്ടാകുന്നില്ല. സാംസ്കാരിക മാതൃകകൾ ദേശീയമാണ്, മതപരമല്ല. ആധുനികസാഹചര്യങ്ങളാകട്ടെ, ഒരു സാർവദേശീയമാതൃകയുടെ വളർച്ചയെ സഹായിക്കുകയും ചെയ്യുന്നു”. [15] അതുകൊണ്ടാണ് അദ്ദേഹം ഇങ്ങനെ പ്രഖ്യാപിച്ചത്: “ഏകീകൃതമായ ഒരു ഇന്ത്യൻ രാഷ്ട്രം സാദ്ധ്യമാണെന്നു മാത്രമല്ല, മൗലികമായും സാംസ്കാരികമായും അങ്ങനെയൊന്ന്, ഉപരിതലവ്യത്യാസങ്ങളെ കൂട്ടാക്കാതെ, നിലനിൽക്കുന്നുണ്ട് എന്നുകൂടി ഞാൻ വിശ്വസിക്കുന്നു”.

മതവ്യത്യാസങ്ങളുടെ അടിസ്ഥാനത്തിലുള്ള വിഭാഗീയ ചിന്താഗതികളുടെ ചരിത്രപശ്ചാത്തലം അപഗ്രഥിച്ചു നോക്കാനും അവയുടെ പിന്നിലുള്ള സാമ്പത്തികോദ്ദേശ്യങ്ങൾ കണ്ടുപിടിക്കാനുമാണ് നെഹ്റു ശ്രമിച്ചത്. ഉദ്യോഗങ്ങൾക്കും നിയമസഭാ സ്ഥാപനങ്ങളുടെ ഉയർന്ന ശതമാനങ്ങൾക്കുംവേണ്ടി സാമുദായികവാദികളായ രാഷ്ട്രീയ നേതാക്കന്മാർ—അവരുടെ കൂട്ടത്തിൽ ഹിന്ദുക്കളുമുണ്ട്, മുസ്ലീങ്ങളുമുണ്ട്—നടത്തുന്ന സമരങ്ങളുടെ പിന്നിൽ മതപരമല്ലാത്ത പ്രശ്നങ്ങളാണുള്ളത്. എങ്കിലും, മതപരമായ പ്രശ്നങ്ങളിൽ അവ സ്വാധീനം ചെലുത്തുന്നു. ഉദാഹരണത്തിന്, ചില സംസ്ഥാനങ്ങളിൽ ധനികവർഗ്ഗക്കാർ പൊതുവിൽ ഹിന്ദുമതക്കാരാണ്. മുസ്ലീങ്ങൾ ദരിദ്രവർഗ്ഗക്കാരും. അവർ തമ്മിൽ സംഘട്ടനങ്ങൾ പ്രധാനമായും സാമ്പത്തികമാണ്. എങ്കിലും അവയ്ക്ക് പലപ്പോഴും സാമുദായികമായ ഒരു നിറം നൽകപ്പെടുന്നു. നെഹ്റു എഴുതി:

> “ഹിന്ദുക്കൾ, പൊതുവിൽ, കൂടുതൽ കഴിവുള്ള സമുദായമായിരുന്നു. അവരാണ് ഇംഗ്ലീഷ് വിദ്യാഭ്യാസം ആദ്യം നേടിയത്. അതുകൊണ്ട് അവർക്കാണ് മിക്ക ഗവണ്മെന്റുദ്യോഗങ്ങളും ലഭിച്ചത്. അവർ കൂടുതൽ സമ്പന്നരുമായിരുന്നു. ഉൾനാടുകളിലെ പണമിടപാടുകാരനും ബാങ്കറുമായ വാണിജൻ ചെറുകിട നിലമുടമസ്ഥന്മാരെയും കുടിയാന്മാരെയും ചൂഷണം ചെയ്യുകയും ക്രമത്തിൽ അവരെ തെണ്ടികളാക്കി മാറ്റിക്കൊണ്ട് നിലമെല്ലാം തട്ടിയെടുത്ത് സ്വന്തമാക്കുകയും ചെയ്തു. വാണിജൻ ഹിന്ദുക്കളും മുസ്ലീങ്ങളുമായ കൃഷിക്കാരെയും കുടിയാന്മാരെയും ഒരേതരത്തിലാണ് ചൂഷണം ചെയ്തത്. എങ്കിലും മുസ്ലീങ്ങളുടെ മേലുള്ള ചൂഷണത്തിന് ഒരു സാമുദായികച്ഛായ കൈവന്നു. പ്രത്യേകിച്ചും കൃഷിക്കാർ മുഖ്യമായും മുസ്ലീങ്ങളായിരുന്ന സംസ്ഥാനങ്ങളിൽ. യന്ത്രനിർമ്മിതമായ ചരക്കുകളുടെ പ്രചാരം കൂടുതൽ പ്രതികൂലമായി ബാധിച്ചത് മുസ്ലീങ്ങളെയായിരിക്കണം. കാരണം, കൈവേലക്കാരിലധികവും മുസ്ലീങ്ങളായിരുന്നു. ഈ ഘടകങ്ങളെല്ലാം ഇന്ത്യയിലെ രണ്ടു പ്രബലമതവിഭാഗങ്ങൾക്കിടയിൽ പരസ്പരവിദ്വേഷം വളർത്തി. രാജ്യത്തെക്കാൾ മതത്തിനു പ്രാധാന്യം നൽകിയ മുസ്ലീം ദേശീയത്വത്തെ ശക്തിപ്പെടുത്താനും അവ സഹായിച്ചു... സ്വന്തം സാമുദായികമാർഗ്ഗങ്ങളിലൂടെ അവരെ നേരിടാൻ വേണ്ടി ഹിന്ദുസാമുദായികസംഘടനകളും പ്രാബല്യത്തിലേക്കുയർന്നു. യഥാർത്ഥദേശീയവാദികളായി ഭാവിച്ച അവർ, വാസ്തവത്തിൽ, മറ്റേ കൂട്ടരെപ്പോലെ തന്നെ ഇടുങ്ങിയ മനസ്ഥിതിക്കാരും വിഭാഗീയചിന്താഗതിക്കാരുമായിരുന്നു”. [16]

എന്നാൽ, ഒരു സാമുദായികവാദം മറ്റേ സാമുദായികവാദത്തെ അവസാനിപ്പിച്ചില്ല. ഒന്നു മറ്റേതിനെ ഊട്ടി വളർത്തുകയാണ് ചെയ്തത്. ഹിന്ദുസാമുദായികവാദം മുസ്ലീം സാമുദായികവാദത്തെ പ്രോത്സാഹിപ്പിച്ചു. മറിച്ചു. രണ്ടു കൂട്ടരും പരസ്പരം അവിശ്വസിക്കാനും വെറുക്കാനും തുടങ്ങി. ഈ സാമുദായികവാദം പിന്തിരിപ്പന്മാരായ സാമൂഹ്യ–രാഷ്ട്രീയ നേതാക്കന്മാരുടെ കൈയിൽ സാമ്രാജ്യാധിപത്യത്തിനെതിരായ സമരങ്ങളെ ശിഥിലമാക്കാനും ഉയർന്ന വർഗ്ഗക്കാരുടെ സ്ഥാപിതതാല്പര്യങ്ങളെ കാത്തുരക്ഷിക്കാനുമുള്ള ഉപകരണമായിത്തീർന്നു. ഈ സ്ഥിതിയെ നേരിട്ടുകൊണ്ട് സാമ്രാജ്യവാദികൾക്കും സ്ഥാപിതതാല്പര്യങ്ങൾക്കുമെതിരായ ബഹുജന സമരങ്ങൾ ശക്തിപ്പെടുത്തണമെങ്കിൽ ഹിന്ദു–മുസ്ലീം ഐക്യം കൂടിയേ കഴിയൂ എന്ന് നെഹ്റു അഭിപ്രായപ്പെട്ടു. ഐക്യം കെട്ടിപ്പടുക്കുന്നതിൽ ഉത്തരവാദിത്വം ഹിന്ദുക്കൾക്കാണ്. എന്തെന്നാൽ, അവരാണ് ഭൂരിപക്ഷസമുദായക്കാർ. മാത്രമല്ല, സാമ്പത്തികമായും വിദ്യാഭ്യാസപരമായും പൊതുവിൽ മുന്നിട്ടു നിൽക്കുന്നതും അവരാണ്.

ഹിന്ദുക്കൾ, മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ, സിഖുകാർ എന്നിങ്ങനെ വ്യത്യസ്തമതക്കാരായ ജനവിഭാഗങ്ങളുടെ പ്രത്യയശാസ്ത്രപരമായ യോജിപ്പിലൂടെയും സാമ്രാജ്യാധിപത്യത്തിനെതിരായ സംഘടിതസമരങ്ങളിലൂടെയും മാത്രമേ ഇന്ത്യയിൽ യഥാർത്ഥമായ ദേശീയബോധം വളരുകയുള്ളൂ എന്നായിരുന്നു നെഹ്റുവിന്റെ അഭിപ്രായം. സാംസ്കാരികരംഗത്തിലും ജീവിതശൈലികളിലുമുള്ള വൈവിധ്യങ്ങളില്ലാതാവുക എന്നല്ല പൊതുവായ ഒരു ദേശീയവീക്ഷണമുണ്ടാവുക എന്നാണതിനർത്ഥം. അദ്ദേഹം പറഞ്ഞു: “മന്ത്രംപോലെ ഉരുക്കഴിക്കുന്നതുകൊണ്ടുമാത്രം ഹിന്ദു–മുസ്ലീം മൈത്രിയോ മറ്റെന്തെങ്കിലും ഐക്യമോ ഉണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഹിന്ദു–മുസ്ലീം ഐക്യം ഉണ്ടാകുമെന്ന കാര്യത്തിൽ എനിക്ക് സംശയമില്ല. പക്ഷേ, അതുണ്ടാവുക മുകളിൽ നിന്നല്ല, ചുവട്ടിൽ നിന്നാണ്. എന്തെന്നാൽ, മുകളിലുള്ള പലരും ബ്രിട്ടീഷാധിപത്യത്തിൽ താല്പര്യമുള്ളവരാണ്. അതിന്റെ സഹായത്തോടുകൂടി തങ്ങളുടെ പ്രത്യേക താല്പര്യങ്ങൾ നിലനിർത്താൻ കഴിയുമെന്ന് അവരാശിക്കുന്നു. സാമൂഹ്യ–സാമ്പത്തികശക്തികൾ അനിവാര്യമായും മറ്റു പ്രശ്നങ്ങൾ മുന്നോട്ടു കൊണ്ടുവരും. അവ പല ചാലുകളിലും പിളർപ്പുകളുണ്ടാക്കും. പക്ഷേ, സാമുദായികമായ പിളർപ്പുകൾ അവസാനിക്കും”. [17]

---

15. J. Nehru: Recent Essays and Writings.
16. J. Nehru: Glimpses of World History.
17. J. Nehru Recent Essays and Writings.

## 9 സാമുദായികവാദത്തിന്റെ ശക്തി

പക്ഷേ, നെഹ്റുവിന്റെ ശുഭാപ്തിവിശ്വാസത്തെ വെല്ലുവിളിച്ചുകൊണ്ട് ഹിന്ദു–മുസ്ലീം പ്രശ്നം കൂടുതൽ രൂക്ഷവും കൂടുതൽ സങ്കീർണ്ണവുമായിത്തീരുകയാണുണ്ടായത്. ഇന്ത്യയിൽ സാമുദായികവാദത്തിന്റെ വളർച്ച സവിശേഷവും മൂർത്തവുമായ ഒരു പ്രശ്നമായിരുന്നു. മൂർത്തമായ ഒരു പരിഹാരമായിരുന്നു അതിനാവശ്യം. പക്ഷേ, ഒരു പോംവഴി കണ്ടെത്താൻ നെഹ്റുവിന് കഴിഞ്ഞില്ല. 1939 ഒക്ടോബർ 18-ന് മുഹമ്മദലി ജിന്നയ്ക്ക് അയച്ച ഒരു കത്തിൽ അദ്ദേഹം തന്റെ പരാജയം തുറന്നു സമ്മതിച്ചു: “സൗഹാർദ്ദപരമായ രീതിയിൽ അത് (ഹിന്ദു–മുസ്ലീം പ്രശ്നം) പരിഹരിക്കാനുള്ള കാര്യമായ യാതൊരു സംഭാവനയും നൽകാൻ കഴിയാത്തതിൽ ഞാൻ സ്വയം ലജ്ജിക്കുന്നു… എന്റെ മനസ്സ് മറ്റൊരുതലത്തിലാണ് നീങ്ങുന്നത്. എന്റെ മിക്ക താല്പര്യങ്ങളും മറ്റു വഴികളിലാണ്. അതിനാൽ, ആ പ്രശ്നത്തെക്കുറിച്ച് വളരെയധികം ചിന്തിക്കുകയും അതിന്റെ ആന്തരാർത്ഥങ്ങൾ പലതും മനസ്സിലാക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ഞാൻ ഒരന്യനും ആന്തരികമായി വേറിട്ടു നിൽക്കുന്നവനുമാണെന്ന് തോന്നിപ്പോകുന്നു”. [18]

രണ്ടാം ലോകമഹായുദ്ധത്തിന്റെ കാലത്ത് ഹിന്ദു–മുസ്ലീം പ്രശ്നം കൂടുതൽ വഷളാവുകയും ഒടുവിലത് രാജ്യത്തിന്റെ വിഭജനത്തിന് കാരണമായിത്തീരുകയും ചെയ്തു. 1947-ലെ അധികാരകൈമാറ്റത്തിന്റെ ഗതിക്രമത്തിൽ ഇന്ത്യ, ഇന്ത്യയും പാക്കിസ്ഥാനും എന്നിങ്ങനെ രണ്ടു രാജ്യങ്ങളായി വിഭജിക്കപ്പെട്ടു. എന്നാൽ, വിഭജനത്തിനു ശേഷവും പ്രശ്നമവസാനിച്ചില്ല. അത് പുതിയ രീതിയിൽ തുടർന്നു. രാഷ്ട്രത്തിന്റെ ആരോഗ്യകരമായ വളർച്ചയ്ക്ക് അതൊരു നിത്യശല്യമായിത്തീർന്നു. 1955-ൽ നെഹ്റു പറഞ്ഞു: “അവർ (സാമുദായികവാദികൾ) കഴിഞ്ഞുപോയ ഏതോ കാലത്തിന്റെ അവശിഷ്ടങ്ങൾ മാത്രമാണ്. അവർ തൂങ്ങിപ്പിടിച്ചു നിൽക്കുന്നത് ഭൂതകാലത്തിലോ വർത്തമാനകാലത്തിലോ അല്ല, മധ്യാകാശത്തിലാണ്. ഭ്രാന്തന്മാരുൾപ്പെടെ എല്ലാവരെയും, എല്ലാറ്റിനെയും, ഇന്ത്യ സഹിക്കുന്നു. അങ്ങനെ അവരും നിലനിന്നു പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു… എന്നാൽ അവരുടെ (സാമുദായികവാദികളുടെ) ചിന്താഗതി ആപൽക്കരമായ ഒരു ചിന്താഗതിയാണെന്നു മറക്കാതിരിക്കുക. വെറുപ്പു നിറഞ്ഞ ഒരു പോക്കാണിത്. ഈ പോക്ക് ഇന്നത്തെ ഇന്ത്യയ്ക്ക് ദോഷമാണ്. ഇത്തരത്തിലുള്ള സാമുദായികവാദം—അത് ഹിന്ദുവിന്റെയോ മുസ്ലീമിന്റെയോ ക്രിസ്ത്യാനിയുടെയോ സിഖുകാരന്റെയോ ആകട്ടെ—നമ്മൾ നിലനിർത്തുകയാണെങ്കിൽ ഇന്ത്യ ഇന്നത്തെ ഇന്ത്യയല്ലാതായിത്തീരും. അത് ശിഥിലമായിത്തീരും”.

---

18. J. Nehru: A Bunch of Old Letters, PP. 392–93.

## 10 മതവും ശാസ്ത്രവും

ചരിത്രത്തിൽ വ്യത്യസ്തമതങ്ങൾ വഹിച്ച സാംസ്കാരികമായ പങ്കിനെയും അവ സൃഷ്ടിച്ച “സ്ത്രീപുരുഷന്മാരുടെ ഉൽകൃഷ്ടമാതൃകകളെ”യും നെഹ്റു അവഗണിക്കുന്നില്ല. അവ “മനുഷ്യജീവിതത്തിനു സംഭാവന ചെയ്ത മൂല്യങ്ങൾ” വിലപിടിച്ചവയാണ്. ആ മൂല്യങ്ങൾ ഇന്നത്തെ യാഥാർത്ഥ്യങ്ങൾക്കു പൊരുത്തപ്പെടുന്നവയല്ലായിരിക്കാം. പക്ഷേ, ചരിത്രത്തിന്റെ ചില സവിശേഷഘട്ടങ്ങളിൽ അവ തീർച്ചയായും പ്രയോജനകരങ്ങളായിരുന്നു. അദൃശ്യമേഖലകളിലെ അനുഭവങ്ങളെ ഉയർത്തിപ്പിടിച്ചുകൊണ്ടാണെങ്കിലും അവ യഥാർത്ഥജനസമൂഹത്തിന്റെ ഭദ്രതയെയും മനുഷ്യചിന്തയുടെ വികാസത്തെയും സഹായിച്ചിട്ടുണ്ടെന്ന കാര്യം നിഷേധിക്കാൻ വയ്യ. എന്നാൽ, അവയുടെ നേട്ടങ്ങൾ എന്തൊക്കെത്തന്നെയായാലും “അവ സത്യങ്ങളെ നിശ്ചിത രൂപങ്ങളുടെയും മുരട്ടുവാദങ്ങളുടെയും തുറുങ്കിലടയ്ക്കാൻ ശ്രമിക്കുകകൂടി ചെയ്തു. മൗലികാർത്ഥങ്ങൾ അതിവേഗം കളഞ്ഞുകുളിച്ച് വെറും ചടങ്ങുകൾ മാത്രമായി അവശേഷിച്ചു. കർമ്മങ്ങളെയും നടപടിക്രമങ്ങളെയും അവ പ്രോത്സാഹിപ്പിച്ചു. എല്ലാ ഭാഗത്തും ചുറ്റിനിൽക്കുന്ന അജ്ഞാതശക്തിയുടെ നിഗൂഢതയും ഭയാനകതയും അവന്റെ (മനുഷ്യന്റെ) മനസ്സിൽ ഉറപ്പിക്കാൻ അവ പരിശ്രമിച്ചു. അതോടൊപ്പം അജ്ഞാതമായതിനെ മാത്രമല്ല സാമൂഹ്യയത്നങ്ങളുടെ മുമ്പിലുള്ള തടസ്സങ്ങളെയും മനസ്സിലാക്കാനുള്ള അവന്റെ ശ്രമത്തെ നിരുത്സാഹപ്പെടുത്തുകയും ചെയ്തു. ചിന്തയും ജിജ്ഞാസയും പ്രോത്സാഹിപ്പിക്കുന്നതിനുപകരം അവ പ്രകൃതിക്കും സ്ഥാപിതമതങ്ങൾക്കും നിലവിലുള്ള സാമൂഹ്യക്രമത്തിനും നിലനിൽക്കുന്ന മറ്റെല്ലാറ്റിനും കീഴടങ്ങുക എന്ന തത്വശാസ്ത്രം പ്രചരിപ്പിച്ചു. എല്ലാറ്റിനെയും നിയന്ത്രിക്കുന്ന ഒരു അലൗകികമധ്യവർത്തിയിലുള്ള വിശ്വാസം സാമൂഹ്യതലത്തിൽ ഒരുതരം നിരുത്തരവാദിത്വമാണ് സൃഷ്ടിച്ചത്. വികാരവും അതിഭാവുകത്വവും യുക്തിചിന്തയുടെയും അന്വേഷണബുദ്ധിയുടെയും സ്ഥാനം ഏറ്റെടുത്തു”. [19]

നെഹ്റുവിന്റെ സമീപനം ശാസ്ത്രീയമായിരുന്നു. വൈകാരികവും ആന്തരികവുമായ മതാനുഭവങ്ങളെപ്പോലും ശാസ്ത്രീയമായി അപഗ്രഥിച്ചു മനസ്സിലാക്കാൻ കഴിയുമെന്ന് അദ്ദേഹം വിശ്വസിച്ചു. അതുകൊണ്ടാണ് അദ്ദേഹം ജനങ്ങളുടെയിടയിൽ നടമാടിക്കൊണ്ടിരുന്ന മതഭ്രാന്തുകളെയും അന്ധവിശ്വാസങ്ങളെയും കാലഹരണപ്പെട്ട ചടങ്ങുകളെയും രൂക്ഷമായി എതിർത്തത്. ജ്യോത്സ്യം, മന്ത്രവാദം, യാഗം തുടങ്ങിയവയിലുള്ള വിശ്വാസങ്ങളെയും യഥാർത്ഥജ്ഞാനം സമ്പാദിക്കുന്നതിലുള്ള വൈമുഖ്യത്തെയും അദ്ദേഹം വിമർശിച്ചു. അദ്ദേഹം എഴുതി: “ചിന്തിക്കുന്ന മനുഷ്യർപോലും അംഗീകരിക്കുന്നതും ഞാൻ കണ്ടതുപോലെ പ്രായോഗികമായി അനുഷ്ഠിക്കപ്പെട്ടുകൊണ്ടിരിക്കുന്നതുമായ മതം—ഹിന്ദുമതമോ ഇസ്ലാമോ, ബുദ്ധമതമോ ക്രിസ്തുമതമോ ഒന്നുംതന്നെ—എന്നെ ആകർഷിച്ചില്ല. അന്ധവിശ്വാസജഡിലങ്ങളായ ആചാരങ്ങളുമായും മുരട്ടുവാദപരങ്ങളായ സിദ്ധാന്തങ്ങളിലുള്ള വിശ്വാസങ്ങളുമായും അത് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്നും ജീവിതപ്രശ്നങ്ങളോട് തീർച്ചയായും സയൻസിന്റേതല്ലാത്ത ഒരു സമീപനരീതിയാണ് അതിന്റെ പിന്നിലുള്ളതെന്നും എനിക്ക് തോന്നി. മന്ത്രവാദത്തിന്റെ ചില ഘടകങ്ങൾ, വിമർശനവിധേയമാകാത്ത വിശ്വാസശീലം, അലൗകികശക്തിയെ ശരണം പ്രാപിക്കൽ എന്നിവയെല്ലാം അതിലടങ്ങിയിരിക്കുന്നു”. [20] ഈ അഭിപ്രായം കൂടുതൽ വിശദമാക്കിക്കൊണ്ട് അദ്ദേഹം വീണ്ടും എഴുതി: “സാമൂഹ്യദോഷങ്ങൾ—തീർച്ചയായും അവയിൽ മിക്കവയും പരിഹരിക്കപ്പെടാവുന്നവയാണ്—ആദിപാപത്തിന്റേയോ മാറ്റമില്ലാത്ത മനുഷ്യപ്രകൃതിയുടെയോ സാമൂഹ്യഘടനയുടെയോ (ഇന്ത്യയിൽ) മുജ്ജന്മപാരമ്പര്യങ്ങളുടെയോ ഫലമാണെന്നു കരുതപ്പെടുന്നു. ഇങ്ങനെ മനുഷ്യൻ യുക്തിയുക്തമായും ശാസ്ത്രീയമായും ചിന്തിക്കാനുള്ള പരിശ്രമത്തിൽ നിന്നുപോലും വിട്ടുപോകുന്നു. അവൻ യുക്തിരാഹിത്യത്തെയും അന്ധവിശ്വാസത്തെയും അഭയം പ്രാപിക്കുകയും അസംഗതങ്ങളും നെറികെട്ടവയുമായ സാമൂഹ്യാചാരങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നു”. [21]

ആത്മീയവാദം, മിസ്റ്റിസിസം, അലൗകികശക്തികളിലുള്ള വിശ്വാസം, യുക്തിഹീനങ്ങളും അന്ധവിശ്വാസജടിലങ്ങളുമായ ആചാരാനുഷ്ഠാനങ്ങൾ മുതലായ വേഷങ്ങളിലാണ് മതം പ്രത്യക്ഷപ്പെടുന്നത്. എങ്കിലും, എല്ലാ മതവിശ്വാസികളും സ്ഥാപിതതാല്പര്യങ്ങൾക്കു പിന്തുണ നൽകുന്ന പിന്തിരിപ്പന്മാരായിക്കൊള്ളണമെന്നില്ല. ആത്മവിഭ്രാന്തിയിൽപെട്ടു പോയ മൂഢമതികളെന്നു പുച്ഛിച്ചു തള്ളപ്പെടാൻ കഴിയാത്ത നിസ്വാർത്ഥരായ നിരവധി യോഗിവര്യന്മാർ ഇന്ത്യയിലുണ്ടായിട്ടുണ്ടെന്നു നെഹ്റു സമ്മതിക്കുന്നു—എന്നിരിക്കിലും, മിസ്റ്റിസിസം, പ്രത്യേകിച്ചും അതിന്റെ ഇടുങ്ങിയ അർത്ഥത്തിൽ, അദ്ദേഹത്തെ ഒട്ടുംതന്നെ ആകർഷിച്ചില്ല. എന്തെന്നാൽ, അത് “മനസ്സിന്റെ കർക്കശമായ അച്ചടക്കമല്ല, മാനസികമായ കഴിവുകളുടെ പരിത്യാഗമാണ്”.

---

19. J. Nehru: The Discovery of India.
20. Ibid, P. 10.
21. Ibid.

## 11 അജ്ഞേയവാദത്തിന്റെ സ്വാധീനം

മാർക്സിസത്തിന്റെ വൈരുദ്ധ്യാധിഷ്ഠിതവും ചരിത്രപരവുമായ ഭൗതികവാദം നെഹ്റുവിനെ ആകർഷിക്കുകയുണ്ടായി. ചരിത്രത്തെയും സമൂഹത്തെയും സമകാലീന സംഭവങ്ങളെയും ശാസ്ത്രീയമായി അപഗ്രഥിച്ച മനസ്സിലാക്കാൻ അതു സഹായകരമാണെന്ന് അദ്ദേഹം വിശ്വസിച്ചു. എങ്കിലും, താനൊരു മാർക്സിസ്റ്റാണെന്ന് അദ്ദേഹം അവകാശപ്പെട്ടില്ല. അജ്ഞേയവാദത്തിന്റെ ചില ഘടകങ്ങൾ ചിലപ്പോൾ അദ്ദേഹത്തിന്റെ ചിന്തകളെ സ്വാധീനിക്കാറുണ്ടായിരുന്നു. അദ്ദേഹം തന്നെ എഴുതുകയുണ്ടായി: “അത് (മാർക്സിസം) എന്നെ പൂർണ്ണമായി തൃപ്തിപ്പെടുത്തുകയോ എന്റെ മനസ്സിലെ എല്ലാ സംശയങ്ങൾക്കും മറുപടി നൽകുകയോ ചെയ്തില്ല. അപ്രതീക്ഷിതമായി അവ്യക്തവും ആത്മീയവാദപരവുമായ ഒരു സമീപനം, ഏതാണ്ട് വേദാന്തത്തിന്റേതുപോലുള്ള ഒരു സമീപനം, എന്റെ മനസ്സിൽ കടന്നുകൂടുന്നു. ഇത് മനസ്സും ഭൗതികസത്തയും തമ്മിലുള്ള ഒരു വ്യത്യാസമല്ല. മനസ്സിനപ്പുറത്തുള്ള എന്തോ ഒന്നിനെ സംബന്ധിക്കുന്നതാണിത്”. [22] അജ്ഞേയതാവാദപരമായ ഈ സമീപനം കൂടുതൽ വിശദമാക്കിക്കൊണ്ട് അദ്ദേഹം എഴുതി:

> “ആത്മാവ് എന്ന ഒന്നുണ്ടോ, മരണാനന്തര ജീവിതമുണ്ടോ എന്നൊന്നും എനിക്കറിഞ്ഞുകൂടാ. ഈ പ്രശ്നങ്ങൾ പ്രാധാന്യമർഹിക്കുന്നവയായിരിക്കാം. എങ്കിലും, അവ എന്നെ ഒട്ടുംതന്നെ വിഷമിപ്പിക്കുന്നില്ല. ഞാൻ ജനിച്ചുവളർന്ന ചുറ്റുപാടുകൾ ആത്മാവിനെയും മരണാനന്തരജീവിതത്തെയും കാര്യകാരണബന്ധമുൾക്കൊള്ളുന്ന കർമ്മനിയമത്തെയും പുനർജന്മത്തെയും എല്ലാം അംഗീകരിക്കുന്നുണ്ട്. ഇവ എന്നെ ബാധിച്ചിട്ടുമുണ്ട്. അതുകൊണ്ട്, ഒരർത്ഥത്തിൽ ഈ സങ്കല്പങ്ങളോട് അനുകൂലമായ ഒരു മനോഭാവമാണ് എനിക്കുള്ളത്. ശരീരത്തിന്റെ ഭൗതികമായ മരണത്തെ അതിജീവിക്കുന്ന ഒരാത്മാവുണ്ടായിരിക്കാം. ജീവിതവൃത്തികളെ നിയന്ത്രിക്കുന്ന കാര്യകാരണബന്ധങ്ങളുടെ സിദ്ധാന്തം യുക്തിസഹമായി തോന്നാം. എങ്കിലും, അന്തിമമായ കാരണത്തെക്കുറിച്ച ചിന്തിക്കുമ്പോൾ അത് കുഴപ്പങ്ങൾക്കു വഴിവെയ്ക്കുന്നു. ആത്മാവുണ്ടെന്നു സമ്മതിക്കുകയാണെങ്കിൽ പുനർജന്മവാദത്തിലും യുക്തിയുണ്ടെന്നു സമ്മതിക്കേണ്ടിവരും”. ഒടുവിൽ അദ്ദേഹം എത്തിച്ചേരുന്ന അഭിപ്രായമിതാണ്: “മതപ്രമാണങ്ങളെന്ന നിലയ്ക്ക് ഇത്തരം സിദ്ധാന്തങ്ങളിലും സങ്കല്പങ്ങളിലും ഒന്നുംതന്നെ ഞാൻ വിശ്വസിക്കുന്നില്ല. നമുക്ക് യാതൊരു വിവരവുമില്ലാത്ത അജ്ഞാതമായ ഒരു മേഖലയിലെ ബൗദ്ധികങ്ങളായ സങ്കല്പങ്ങൾ മാത്രമാണവ. അവ എന്റെ ജീവിതത്തെ ബാധിക്കുന്നില്ല. ഭാവിയിൽ അവ തെറ്റാണെന്നോ ശരിയാണെന്നോ തെളിയിക്കപ്പെട്ടാലും എന്നെ സംബന്ധിച്ചിടത്തോളം യാതൊരു വ്യത്യാസവുമുണ്ടാവില്ല”.

---

22. Ibid.

## 12 നെഹ്റുവിന്റെ ജീവിതവീക്ഷണം

ശ്രേഷ്ഠവും ഉന്നതവുമായ ഒരു ജീവിതലക്ഷ്യത്തിലുള്ള അദമ്യമായ വിശ്വാസമാണ് നെഹ്റുവിന്റെ ദാർശനികമായ സമീപനത്തെ ക്രമപ്പെടുത്തിയത് എന്നു തോന്നുന്നു. ആത്മകഥയിൽ അദ്ദേഹം റൊമേൻ റൊളാങ്ങിനെ ഉദ്ധരിക്കുന്നുണ്ട്. റൊളാങ്ങിന്റെ അഭിപ്രായത്തിൽ, ഏകാഗ്രമായ അഭിനിവേശത്തോടുകൂടി, നിർദ്ദയമായി, സത്യാന്വേഷണത്തിന് ഒരുങ്ങിപ്പുറപ്പെടുന്നവർ—ദേശാഭിമാനികളും മനുഷ്യസ്നേഹികളും സോഷ്യലിസ്റ്റുകാരും കമ്യൂണിസ്റ്റുകാരും യുക്തിവാദികൾ പോലും—മതവിശ്വാസികളായി കണക്കാക്കപ്പെടേണ്ടവരാണ്. എന്തെന്നാൽ, നിലവിലുള്ള സാമൂഹ്യജീവിതത്തെ അപേക്ഷിച്ച് കൂടുതൽ ശ്രേഷ്ഠവും കൂടുതൽ ഉൽകൃഷ്ടവുമായ ഒരു ലക്ഷ്യത്തിനുവേണ്ടിയാണ് അവർ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത്. ഈ അർത്ഥത്തിൽ താനൊരു മതവിശ്വാസിയാണെന്ന് കരുതപ്പെട്ടാൽ അതിൽ അസാംഗത്യമൊന്നുമില്ലെന്ന് നെഹ്റു പ്രസ്താവിച്ചു. മറ്റൊരുവിധം പറഞ്ഞാൽ, അദ്ദേഹത്തിന്റെ നാനാമുഖമായ പ്രവർത്തനങ്ങൾക്ക് ഉന്നതമായ ഒരു ലക്ഷ്യമുണ്ടായിരുന്നു. മനുഷ്യന്റെ സാമ്പത്തികവും സാമൂഹ്യവും രാഷ്ട്രീയവുമായ പുരോഗതി അവന്റെ ആത്മീയമായ ഉന്നമനത്തെ സഹായിക്കുന്ന തരത്തിലുള്ളവയായിരിക്കണം എന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. 1960-ൽ അദ്ദേഹം എഴുതി: “ഏതെങ്കിലും മതത്തെയോ പ്രമാണത്തെയോ ഞാൻ കെട്ടിപ്പിടിക്കുന്നില്ല. എങ്കിലും, മനുഷ്യജീവികളുടെ ആന്തരികമായ ആത്മീയതയിൽ, അതിനെ മതമെന്നു വിളിച്ചാലും ഇല്ലെങ്കിലും, ഞാൻ തീർച്ചയായും വിശ്വസിക്കുന്നു. വ്യക്തിയുടെ ആന്തരികമായ അന്തസ്സിൽ ഞാൻ വിശ്വസിക്കുന്നു. ഓരോ വ്യക്തിക്കും തുല്യമായ അവസരം നൽകണമെന്ന് ഞാൻ വിശ്വസിക്കുന്നു. ഒരാദർശമെന്ന നിലയ്ക്ക്—അത് സാക്ഷാൽക്കരിക്കുക എളുപ്പമല്ലെങ്കിൽ കൂടി—വലിയ വ്യത്യാസങ്ങളൊന്നുമില്ലാത്ത സമത്വപൂർണ്ണമായ ഒരു സാമൂഹ്യവ്യവസ്ഥയിൽ ഞാൻ വിശ്വസിക്കുന്നു. ദരിദ്രന്മാരുടെ ദാരിദ്ര്യത്തെ എന്നപോലെ തന്നെ ധനികന്മാരുടെ ആഭാസത്തരങ്ങളെയും ഞാൻ വെറുക്കുന്നു”.

ധാർമ്മികമൂല്യങ്ങളെക്കുറിച്ചുള്ള നെഹ്റുവിന്റെ സങ്കല്പങ്ങൾ ഉറവെടുത്തത് ശാസ്ത്രീയ വീക്ഷണത്തിൽ നിന്നോ ഗാന്ധിയൻ വിശ്വാസപ്രമാണങ്ങളിൽ നിന്നോ മാർക്സിസത്തിൽ നിന്നോ അജ്ഞേയതാവാദപരമായ ആത്മീയാഭിലാഷങ്ങളിൽ നിന്നോ ഇവയുടെയെല്ലാം സമന്വയത്തിൽ നിന്നോ, എന്തിൽ നിന്നാണെന്ന് ഉറപ്പിച്ചുപറയുക എളുപ്പമല്ല. എന്നാൽ, ഉറവിടമെന്തായിരുന്നാലും ശരി, ജീവിതപ്രശ്നങ്ങളോടുള്ള ധാർമ്മികമായ ഒരു സമീപനം കൂടിയേ കഴിയൂ എന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു: “ജീവിതത്തോട് ഒരുതരം ധാർമ്മികമായ സമീപനം ഞാൻ വളരെയധികം ഇഷ്ടപ്പെടുന്നു. അതിനെ യുക്തിയുടെ വെളിച്ചത്തിൽ ന്യായീകരിക്കാൻ വിഷമമുണ്ട്. മാർഗ്ഗശുദ്ധിയെക്കുറിച്ചുള്ള ഗാന്ധിജിയുടെ നിർബന്ധം എന്നെ ആകർഷിച്ചിരിക്കുന്നു. ഈ ഊന്നലാണ് പൊതുജീവിതത്തിന് അദ്ദേഹം നൽകിയ ഏറ്റവും മഹത്തായ ഒരു സംഭാവന എന്നു ഞാൻ കരുതുന്നു”. മാർക്സിസ്റ്റ് തത്വശാസ്ത്രത്തിൽ കമ്യൂണിസ്റ്റ് പാർട്ടികൾ അതു നടപ്പിലാക്കിയ രീതിയിലെങ്കിലും, ഒഴിച്ചുകൂടാൻ പാടില്ലാത്ത ഈ ഊന്നലില്ലെന്ന് അദ്ദേഹത്തിന് തോന്നി. തന്റെ സ്വന്തം നിലപാട് വിശദീകരിച്ചുകൊണ്ട് അദ്ദേഹം ഇങ്ങനെ എഴുതി: “ധാർമ്മികമായ സമീപനം മാറ്റങ്ങൾക്കു വിധേയമാണെന്നും അത് വികസിച്ചുകൊണ്ടിരിക്കുന്ന മനസ്സിനെയും മുന്നേറിക്കൊണ്ടിരിക്കുന്ന നാഗരികതയെയും ആശ്രയിച്ചിരിക്കുന്നു എന്നും എനിക്ക് ബോധ്യമായി. അതാതുകാലത്തെ മാനസിക കാലാവസ്ഥയാണ് അതിനെ വ്യവസ്ഥപ്പെടുത്തുന്നത്. എന്നിരുന്നാലും അതിലുപരിയായി എന്തോ ഉണ്ട്. കൂടുതൽ ശാശ്വതമുള്ള ചില അടിസ്ഥാനപ്രേരണകൾ അതിലടങ്ങിയിട്ടുണ്ട്. മറ്റുള്ളവരുടെ എന്നപോലെ കമ്യൂണിസ്റ്റുകാരുടെയും പ്രവർത്തനങ്ങളിൽ ഈ അടിസ്ഥാനപ്രേരണകൾ, അല്ലെങ്കിൽ തത്വങ്ങൾ, നിരാകരിക്കപ്പെടുന്നത് ഞാനിഷ്ടപ്പെട്ടില്ല. അങ്ങനെ എന്റെ മനസ്സിൽ രൂപംകൊണ്ടത് വിചിത്രമായ ഒരു സങ്കലനമാണ്. അത് യുക്തിപൂർവ്വം വിശദീകരിക്കാനോ അപഗ്രഥിക്കാനോ എനിക്കു കഴിഞ്ഞില്ല. എത്തിപ്പിടിക്കാനാവാത്ത ആ അടിസ്ഥാനപ്രശ്നങ്ങളെക്കുറിച്ച് അധികമൊന്നും ചിന്തിക്കാതിരിക്കാനും അതിനുപകരം ജീവിതപ്രശ്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് കൂടുതൽ ഇടുങ്ങിയതും കൂടുതൽ അടിയന്തരവുമായ അർത്ഥത്തിൽ എന്ത് എങ്ങനെ ചെയ്യണമെന്ന് മനസ്സിലാക്കാനുമുള്ള ഒരു പൊതു പ്രവണതയാണുണ്ടായിരുന്നത്”. [23]

---

23. Ibid.

## 13 ലക്ഷ്യബോധത്തിന്റെ ആവശ്യകത

രാജ്യത്തെ അഭിമുഖീകരിച്ച പ്രശ്നങ്ങളോട് ഗാന്ധിജിയും നെഹ്റുവും കൈക്കൊണ്ട സമീപനങ്ങൾ മൗലികമായും വ്യത്യസ്തങ്ങളായിരുന്നു. എന്നിട്ടും അവർ പരസ്പരം സ്വാധീനിച്ചു. മതത്തിന്റെയും ആത്മീയവാദത്തിന്റെയും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുതന്നെ പലപ്പോഴും നെഹ്റുവിന്റെ അഭിപ്രായങ്ങളോട് വിട്ടുവീഴ്ച ചെയ്യാനുള്ള സന്നദ്ധത ഗാന്ധിജി പ്രകടിപ്പിച്ചു. നെഹ്റുവാകട്ടെ, തന്റെ വ്യക്തിപരങ്ങളായ ആദർശങ്ങളും ആശയങ്ങളും പ്രചരിപ്പിച്ചുകൊണ്ടുതന്നെ പ്രായോഗികപ്രവർത്തനങ്ങളിൽ ഗാന്ധിജിയുടെ നേതൃത്വം സ്വീകരിച്ചു. ഗാന്ധിജിയുടെ അനുഗ്രഹത്തോടുകൂടിയാണ് അദ്ദേഹം സ്വതന്ത്രഭാരതത്തിലെ ഒന്നാമത്തെ പ്രധാനമന്ത്രിയായിത്തീർന്നത്. അതോടെ അദ്ദേഹത്തിന് തന്റെ ചിരന്തനങ്ങളായ അഭിലാഷങ്ങൾ നടപ്പിൽ വരുത്താനുള്ള പുതിയ സാഹചര്യങ്ങൾ കൈവന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം തന്നെ നേരിട്ട സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളെക്കുറിച്ചും അവയെ പരിഹരിച്ചു മുന്നോട്ടു പോകാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും അദ്ദേഹം ഇങ്ങനെ എഴുതുകയുണ്ടായി:

> “ഇന്ത്യയിൽ നാം വൈകിയിട്ടാണെങ്കിലും വ്യാവസായിക വിപ്ലവത്തിന്റെ അന്തിമഘട്ടത്തിലേക്ക് കടന്നിരിക്കുന്നു. ലോകത്തിന്റെ ചില ഭാഗങ്ങൾ ജറ്റ് യുഗത്തിലും ന്യൂക്ലിയർ യുഗത്തിലും എത്തിയപ്പോഴാണ് നമ്മൾ ഇവിടെ എത്തിയത്. അങ്ങനെ, നമുക്ക് ഒരേ സമയത്തുതന്നെ വിപ്ലവകരങ്ങളായ ഈ രണ്ടുതരം മാറ്റങ്ങളും നടപ്പിൽ വരുത്തിക്കൊണ്ടു മുന്നേറേണ്ടിയിരിക്കുന്നു. വലിയൊരു ഭാരമാണിത്. നമ്മൾ നമ്മുടെ ലക്ഷ്യമായി സോഷ്യലിസം അംഗീകരിച്ചത് അത് ശരിയും പ്രയോജനകരവുമാണ് എന്നതുകൊണ്ടു മാത്രമല്ല, നമ്മുടെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മറ്റൊരു മാർഗ്ഗവും ഇല്ല എന്നതുകൊണ്ടുകൂടിയാണ്. ത്വരിതമായ പുരോഗതി സമാധാനപരവും ജനാധിപത്യപരവുമായ മാർഗ്ഗങ്ങളിലൂടെ സാദ്ധ്യമല്ലെന്നും അതിന് സ്വേച്ഛാധിപത്യപരവും അക്രമപരവുമായ മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്നും ചിലപ്പോൾ പറഞ്ഞുകേൾക്കാറുണ്ട്. ഈ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നില്ല. ഇന്ത്യയിൽ ഇന്ന് ജനാധിപത്യപരമായ മാർഗ്ഗങ്ങൾ പരിത്യജിക്കാനുള്ള ഏതു പരിശ്രമവും നമ്മെ ശിഥിലീകരണത്തിലേക്കു നയിക്കുകയും അങ്ങനെ പുരോഗതിയുടെ അടിയന്തര സാദ്ധ്യതകൾ നശിപ്പിക്കുകയും മാത്രമേ ചെയ്യുകയുള്ളൂ... നമ്മൾ ഏറ്റെടുത്തിട്ടുള്ള ഭാരിച്ച കടമ നിറവേറ്റണമെങ്കിൽ സാമാന്യജനതയുടെ പൂർണ്ണമായ സഹകരണം ആവശ്യമാണ്. അവർക്ക് സ്വീകാര്യമായതും ഫലം പ്രദാനം ചെയ്യുമെന്ന് ഉറപ്പു നൽകുന്നതുമായ ഒരു ലക്ഷ്യം ഉയർത്തിപ്പിടിച്ചാൽ മാത്രമേ ആ സഹകരണം നമുക്ക് ലഭിക്കുകയുള്ളൂ. നമ്മൾ നടപ്പിൽ വരുത്താനാഗ്രഹിക്കുന്ന മാറ്റത്തിന് ജനങ്ങൾ ഭാരങ്ങൾ സഹിക്കേണ്ടിവരും. സഹിക്കാനുള്ള കഴിവ് ഏറ്റവുമധികം കുറഞ്ഞ ജനവിഭാഗങ്ങൾപോലും അവ സഹിക്കേണ്ടിവരും. തങ്ങൾക്ക് നന്മകൾ കൊണ്ടുവരുന്ന ഒരു സാമൂഹ്യവ്യവസ്ഥയുടെ നിർമ്മാണത്തിൽ തങ്ങളും പങ്കാളികളാണെന്നു ബോധ്യം വരാത്തിടത്തോളംകാലം അവർ ഭാരങ്ങൾ സഹിക്കുകയോ പൂർണ്ണമായ സഹകരണം നൽകുകയോ ചെയ്യുകയില്ല”.

ആധുനികശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും അടിസ്ഥാനത്തിൽ മാത്രമേ ഇന്ത്യയ്ക്ക് പുരോഗതി നേടാൻ കഴിയുകയുള്ളൂ എന്ന് നെഹ്റു ഊന്നിപ്പറഞ്ഞു. അതേസമയത്തു തന്നെ ധാർമ്മികവും ആത്മീയവുമായ പുരോഗതിയില്ലെങ്കിൽ ശാസ്ത്രീയവും ഭൗതികവുമായ നേട്ടങ്ങൾ നിഷ്പ്രയോജനമായിത്തീരുമെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. മുഴുവൻ ശക്തിയും ഓജസ്സും ഉപയോഗിച്ചുകൊണ്ട് സാമ്പത്തികവും വ്യാവസായികവുമായ അഭിവൃദ്ധിയിലൂടെ മുന്നേറാൻ അദ്ദേഹം ജനങ്ങളെ ഉൽബോധിപ്പിച്ചു. “വിവേകവും സഹാനുഭൂതിയും സഹിഷ്ണുതയുമില്ലാത്ത വ്യാവസായിക–സാമ്പത്തികാഭിവൃദ്ധി പൊടിയും ചാരവും മാത്രമാണ്” എന്ന് അവരെ ഓർമ്മിപ്പിക്കുകയും ചെയ്തു. “ശരീരവും ആത്മാവും തമ്മിൽ, പ്രകൃതിയുടെ ഭാഗമായ മനുഷ്യനും സമൂഹത്തിന്റെ ഭാഗമായ മനുഷ്യനും തമ്മിൽ, സമതുലിതമായ ഒരവസ്ഥയാണ് ആവശ്യം എന്ന് അദ്ദേഹം വിശ്വസിച്ചു. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഭൗതികവും ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതിയോടൊപ്പം തന്നെ മനുഷ്യന്റെ വ്യക്തിവൈശിഷ്ട്യവും ആന്തരികമായ മാനുഷികഗുണങ്ങളും വികസിക്കണം.

## 14 തത്വവും പ്രയോഗവും

സമാധാനപരമായ സഹവർത്തിത്വം, ചേരിചേരാനയം, ഘനവ്യവസായങ്ങൾക്കു പ്രാധാന്യം നൽകിക്കൊണ്ടുള്ള വ്യവസായവൽക്കരണം, പൊതുമേഖലയുടെ വികസനം, കാർഷികപരിഷ്കാരം, സാർവത്രികവും ആധുനികവുമായ വിദ്യാഭ്യാസം എന്നിങ്ങനെയുള്ള പരിപാടികളിലൂടെ ഇന്ത്യയുടെ ശക്തിയും സാർവദേശീയമായ അന്തസ്സും വർദ്ധിപ്പിക്കാൻ കഴിയുമെന്ന് നെഹ്റു വിശ്വസിച്ചു. വിദേശീയരും നാടന്മാരുമായ സ്ഥാപിതതാല്പര്യക്കാരുടെ പലതരം എതിർപ്പുകളെയും അദ്ദേഹത്തിന് നേരിടേണ്ടിവന്നു. പക്ഷേ, ഭൂരിപക്ഷം ജനങ്ങൾ അദ്ദേഹത്തിന്റെ ഭാഗത്തായിരുന്നു. മരണത്തിന് കഷ്ടിച്ച് രണ്ടുമാസം മുമ്പ് അദ്ദേഹം പ്രസ്താവിച്ചു: “ഇന്ത്യയിൽ അധികാരത്തിലിരിക്കുന്നത് ആരായാലും ശരി, നമ്മുടെ ചേരിചേരാനയത്തിന്റെയും സമാധാനപരമായ സഹവർത്തിത്വത്തിന്റെയും സോഷ്യലിസത്തിലേക്കുള്ള ആസൂത്രിതവും ക്രമീകൃതവുമായ വികസനത്തിന്റെയും നയം നിലനിൽക്കും. എന്തെന്നാൽ, നമ്മുടെ ജനങ്ങളിൽ വമ്പിച്ച ഭൂരിപക്ഷത്തിന്റെ ഇച്ഛാശക്തിയെയാണ് അത് പ്രതിഫലിപ്പിക്കുന്നത്”.

ജനാധിപത്യപരമായ മാർഗ്ഗങ്ങളിലൂടെ ആസൂത്രിത സാമ്പത്തികപരിപാടികൾ നടപ്പിൽ വരുത്തിക്കൊണ്ട് ഇന്ത്യയിൽ ഒരു സോഷ്യലിസ്റ്റ് സാമ്പത്തികവ്യവസ്ഥ സ്ഥാപിക്കുക എന്നതായിരുന്നു നെഹ്റുവിന്റെ ഉദ്ദേശ്യം. ജനാധിപത്യവും സോഷ്യലിസവും വേർതിരിക്കാനാവാത്ത വിധം ബന്ധപ്പെട്ടിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു. 1963-ൽ ജയ്പൂരിൽ വെച്ചു കൂടിയ അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റിയുടെ യോഗത്തിൽ അദ്ദേഹം ചൂണ്ടിക്കാണിച്ചു: “ജനാധിപത്യത്തിന്റെ അനിവാര്യമായ ഫലമാണ് സോഷ്യലിസം. സാമ്പത്തികജനാധിപത്യം ഉൾക്കൊള്ളുന്നില്ലെങ്കിൽ രാഷ്ട്രീയജനാധിപത്യത്തിന് യാതൊരർത്ഥവുമില്ല. സാമ്പത്തിക ജനാധിപത്യമാകട്ടെ, സോഷ്യലിസമല്ലാതെ മറ്റൊന്നുമല്ല”.

പക്ഷേ, ലക്ഷ്യമെന്തായിരുന്നാലും, നെഹ്റുവിന്റെ നേതൃത്വത്തിൽ കെട്ടിപ്പടുക്കപ്പെട്ടത് സോഷ്യലിസമല്ല, മുതലാളിത്തമാണ്. മുതലാളിത്തത്തിന്റെ വളർച്ചയോടൊപ്പം സാമ്പത്തിക–സാമൂഹ്യവ്യവസ്ഥയിൽ കുത്തക മുതലാളികളുടെ പിടിമുറുക്കിക്കൊണ്ടുവന്നു. ധനികന്മാരും ദരിദ്രന്മാരും തമ്മിലുള്ള അന്തരം കുറയുകയല്ല, വർദ്ധിക്കുകയാണ് ചെയ്തത്. ഈ സംഭവവികാസം നെഹ്റുവിനെ അസ്വസ്ഥനാക്കി. അദ്ദേഹം തുറന്നു സമ്മതിച്ചു: “കഴിഞ്ഞ ഏതാനും വർഷങ്ങളായി അത് (കുത്തകമുതലാളിത്തം) വളർന്നുകൊണ്ടിരിക്കുന്നു. അത്രത്തോളം നമ്മൾ സോഷ്യലിസം എന്ന ലക്ഷ്യത്തിൽ നിന്ന് അകന്നുപോയിരിക്കുന്നു”.

മൂന്നു ദശാബ്ദക്കാലമായി താനുയർത്തിപ്പിടിച്ചുപോന്ന ലക്ഷ്യം, ഭരണവ്യവസ്ഥയുടെ തലപ്പത്തിരുന്നിട്ടും, നെഹ്റുവിന് നടപ്പിൽ വരുത്താൻ കഴിയാത്തതെന്തുകൊണ്ടാണ്? എന്തുകൊണ്ടാണ് അദ്ദേഹത്തിന്റെ വ്യക്തിപരമായ ആഗ്രഹത്തെ വകവെയ്ക്കാതെ കുത്തകമുതലാളിത്തം ഇന്ത്യയുടെ സാമ്പത്തികസാമൂഹ്യ വ്യവസ്ഥയിൽ ആധിപത്യം നേടിയത്? ഈ ചോദ്യത്തിന് ഒറ്റവാക്കിൽ മറുപടിപറയുക എളുപ്പമല്ല. ലക്ഷ്യത്തിലെത്താനാവശ്യമായ സാമ്പത്തിക രാഷ്ട്രീയ പരിവർത്തനങ്ങൾ നടപ്പിൽ വരുത്താൻ അദ്ദേഹത്തിന് കഴിഞ്ഞില്ല എന്നത് സ്പഷ്ടമാണ്. ഒരുപക്ഷേ, അദ്ദേഹത്തിന്റെ വൈയക്തികമായ അഭിലാഷത്തേക്കാൾ കരുത്തുള്ളവയായിരുന്നിരിക്കാം സാമൂഹ്യ–സാമ്പത്തിക–രാഷ്ട്രീയ മേഖലകളിൽ ആധിപത്യം വഹിച്ച പ്രതിലോമശക്തികൾ. ഒരുപക്ഷേ, ഒരു ബൂർഷ്വാഭരണകൂടത്തിന്റെ തലവൻ എന്ന നിലയ്ക്ക് നിലവിലുള്ള സാമൂഹ്യക്രമത്തിലെ വൈരുദ്ധ്യങ്ങളെയും സംഘട്ടനങ്ങളെയും നിലനിർത്താനും അങ്ങനെ നിയമവും സമാധാനവും കാത്തുരക്ഷിക്കാനുമുള്ള ബാധ്യതയ്ക്ക് സോഷ്യലിസമെന്ന ലക്ഷ്യവുമായി പൊരുത്തമില്ലായിരുന്നിരിക്കാം. അല്ലെങ്കിൽ അദ്ദേഹത്തിന്റെ ആദർശങ്ങളെയും സിദ്ധാന്തങ്ങളെയും ഔപചാരികമായി മാത്രം അംഗീകരിക്കുകയും ഫലത്തിൽ എതിർക്കുകയും ചെയ്ത സഹപ്രവർത്തകന്മാരുടെ സമ്മർദ്ദങ്ങൾക്ക് കീഴടങ്ങേണ്ടിവന്നിരിക്കാം. അഥവാ യഥാർത്ഥമായ ജനാധിപത്യത്തിലും സോഷ്യലിസത്തിലും വിശ്വസിക്കുന്ന ശക്തികൾ അദ്ദേഹത്തിന്റെ ആശയങ്ങളെ ഫലപ്രദമായി ഉപയോഗപ്പെടുത്തിക്കൊണ്ട് വ്യക്തമായ ഒരു കാഴ്ചപ്പാടോടു കൂടി ജനങ്ങളെ യോജിപ്പിച്ചണിനിരത്തുന്നതിന് പകരം സ്വയം ഭിന്നിച്ചുനിന്നുകൊണ്ട് ശത്രുക്കളെപ്പോലെ പരസ്പരം പോരാടുകയും അങ്ങനെ ലക്ഷ്യത്തിലേക്കുള്ള പോക്ക് തടഞ്ഞുനിർത്തുകയും ചെയ്തിട്ടുണ്ടാവാം.

എന്നാൽ, തത്വത്തിലും പ്രയോഗത്തിലും എന്തൊക്കെത്തന്നെ പോരായ്മകളുണ്ടായിരുന്നുവെങ്കിലും ജവഹർലാൽ നെഹ്റു ഇന്ത്യയിലെ യുവതലമുറയ്ക്ക് പുരോഗമനപരവും ശാസ്ത്രീയവുമായ ഒരു പുതിയ വീക്ഷണഗതി നൽകുകയും ദൈനംദിന ജീവിതത്തിന്റെ ഇടുങ്ങിയ പരിധികൾക്കപ്പുറത്തേക്ക് നോക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തു എന്ന കാര്യത്തിൽ സംശയമില്ല. അദ്ദേഹത്തിന്റെ ധീരവും ആവേശകരവുമായ നേതൃത്വം സുന്ദരമായ ഒരു ഭാവി കെട്ടിപ്പടുക്കാൻ വെമ്പൽ കൊള്ളുന്ന കോടിക്കണക്കിലുള്ള ജനങ്ങൾക്ക് പ്രചോദനം നൽകിയെന്ന വസ്തുത നിഷേധിക്കാൻ വയ്യ.

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 6

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. വിശിഷ്ടാദ്വൈതം, ദ്വൈതം, ദ്വൈതാദ്വൈതം
2. ശിവനും ശക്തിയും
3. ഏകതത്വവാദവും മതവിശ്വാസവും
4. ഇസ്ലാംമതവും പിൽക്കാല നാട്ടുവാഴിത്തവും
5. ഇസ്ലാമിലെ ശ്രദ്ധാർഥവാദവും വിമതപ്രസ്ഥാനങ്ങളും
6. ഭക്തിപ്രസ്ഥാനം
7. ബ്രിട്ടീഷ് ഭരണം
8. പാശ്ചാത്യചിന്തയുടെ സ്വാധീനം
9. രാജാറാം മോഹൻ റായ്
10. സാമൂഹ്യപരിഷ്കാരവും മതപുനരുദ്ധാരണവും
11. സ്വാമി വിവേകാനന്ദൻ
12. ഇസ്ലാമിലെ പുനരുത്ഥാനവും നവോത്ഥാനവും
13. മിതവാദികളും തീവ്രവാദികളും
14. തീവ്രവാദികളുടെ തത്വശാസ്ത്രം
15. മതവും ദേശീയപ്രസ്ഥാനവും
16. രവീന്ദ്രനാഥ ടാഗോർ
17. ഇഖ്ബാൽ
18. മഹാത്മാഗാന്ധി
19. മാർക്സിസത്തിന്റെ സ്വാധീനം
20. ജവഹർലാൽ നെഹ്റു
21. സ്വാതന്ത്ര്യലബ്ധിക്കു ശേഷം
22. ഭാരതീയചിന്ത എങ്ങോട്ട്?


### വെബ് പതിപ്പ് കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10